# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെട്ടിക്കവല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM/P11/ 2250/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 27/12/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെട്ടിക്കവല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM/P11/ 2250/2023 തീയ്യതി: 27/12/2023

## കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അനിൽ കുമാർ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 12-12-2023 | 18-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-12-2023 | 18-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിജാറാണി എസ്, ഓഡിറ്റ് ഓഫീസർ
ശ്രീ. രാജൻ വി ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അനീഷ് വി എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശ്രീകുമാർ എസ്സ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അഡ്വ. ഡി. സജയകമാർ | പ്രസിഡന്റ് | 01-04-2022 | 31-12-2022 |
| ശ്രീമതി. സുജ സജി (Acting President) | പ്രസിഡന്റ് | 01-01-2023 | 29-01-2023 |
| ശ്രീ. എം. പി. സജീവ് | പ്രസിഡന്റ് | 30-01-2023 | 31-03-2023 |
| ശ്രീമതി. രശ്മി എസ് | സെക്രട്ടറി | 01-04-2022 | 01-10-2022 |
| ശ്രീ. ജയദേവ് ബി | സെക്രട്ടറി | 06-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സ്മിത | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീമതി. ശാലിനി | വി.ഇ.ഒ. | 08-04-2022 | 31-03-2023 |
| ശ്രീമതി. വിനിത | വി.ഇ.ഒ. | 29-04-2022 | 31-03-2023 |
| ശ്രീമതി. താര എം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. രശ്മി എം റ്റി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 26-09-2022 |
| ശ്രീ. അശ്വിൻ ചന്ദ് | അസിസ്റ്റന്റ് എഞ്ചിനിയർ | 26-09-2022 | 31-03-2023 |
| ശ്രീമതി. സിന്ധു ആർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 06-01-2023 |
| ശ്രീമതി. ധനലക്ഷ്മി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 20-01-2023 | 31-03-2023 |
| ശ്രീ. കെ. ഒ. രാജുക്കുട്ടി | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ഡോ. മിനി ജെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-05-2022 |
| ഡോ. റ്റിന്റു സൂസൻ ജോൺ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-06-2022 | 31-03-2023 |
| ഡോ. സന്തോഷ് കുമാർ ആർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2022 | 11-05-2022 |
| ഡോ. ലിജോ സി വിക്ടർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 12-05-2022 | 31-03-2023 |
| ഡോ. സുരേഷ് എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 11-05-2022 |
| ഡോ. ദിജ ഡി ജെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 06-06-2022 | 31-03-2023 |
| ഡോ. ദരേൻ ജോസഫ് | വെറ്ററിനറി സർജൻ | 01-04-2022 | 22-04-2022 |
| ഡോ. സുരേഷ്കുമാർ ബി | വെറ്ററിനറി സർജൻ | 22-04-2022 | 31-03-2023 |
| ശ്രീ. വർഗ്ഗീസ് മൈക്കിൾ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. അഭിജിത്ത് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. ജോഷിൻ ജോസ് | അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | 01-04-2022 | 31-03-2023 |
| ശ്രീമതി. ജിനു സൂസൻ ആർ | ഓവർസീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | 01-04-2022 | 31-03-2023 |
| ശ്രീമതി. കല ബി | ഓവർസീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | 01-04-2022 | 31-03-2023 |
| ശ്രീമതി. റെയ്ചമോൾ ഡി | ഡി.ഇ.ഒ, | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | എം.ജി.എൻ.ആർ.ഇ.ജി.എസ്. | | |
| ശ്രീമതി. ഷൈനു സാറാമ്മ ജോസഫ് | ഡി.ഇ.ഒ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | 01-04-2022 | 31-03-2023 |
| ശ്രീ. വേണു ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല. | 1-1-01 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-02 |
| 4 | ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല | 1-1-03 |
| 5 | സുലേഖ, സാംഖ്യ ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-04 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 8 | ഫണ്ട് വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്ഷേമ പദ്ധതികൾ | 1-7 |
| 12 | ക്യാഷ് പരിശോധന | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 15 | കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു | 1-11 |
| 16 | തൊഴിൽനികുതി ഈടാക്കുവാൻ അവശേഷിക്കുന്നു | 1-12 |
| 17 | ഒക്യുപ്പൻസി ലഭിച്ചതിന് ശേഷം അനധികൃത നിർമ്മാണം - പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല. | 1-13 |
| 18 | വിസ്തീർണ്ണം കുറച്ച് വസ്തുനികുതി നിർണ്ണയിച്ചു | 1-14 |
| 19 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചതു മൂലം നഷ്ടം. | 1-15 |
| 20 | സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്രമക്കേട്. | 1-16 |
| 21 | റോഡ് നിർമ്മിച്ച് ഒരു വർഷം തികയുന്നതിനു മുമ്പ് പൊട്ടി തകരുന്നു | 1-17 |
| 22 | ലൈഫ് ഭവനനിർമ്മാണം | 1-18 |
| 23 | ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം പ്രവർത്തനം ആരംഭിച്ചില്ല. | 1-19 |
| 24 | വില നൽകിയിട്ടും 1,50,000/- രൂപയുടെ മരുന്നുകൾ / മെഡിക്കൽ ഉപകരണങ്ങൾ ലഭിച്ചില്ല. | 1-20 |
| 25 | ലോഗ് ബുക്ക് പ്രകാരം ഫ്യൂവൽ വിനിയോഗത്തിൽ ഉൾപ്പെടാത്ത ഫ്യൂവൽ ബില്ലിന് 5,315/- രൂപ അനുവദിച്ചു - ചെലവ് നിരാകരിക്കുന്നു. | 1-21 |
| 26 | പ്രവൃത്തികൾ പൂർത്തീകരിച്ചില്ല - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 27 | ബെയ്‌ലിംഗ് മെഷീൻ വാങ്ങിയെങ്കിലും സ്ഥാപിച്ച് പ്രവർത്തിപ്പിക്കാനായില്ല. | 1-23 |
| 28 | കയറ്റിറക്ക് കൂലി 7,549/- രൂപ അനുവദിച്ചതിന് ആധാരമായ ഭക്ഷ്യോത്പന്നങ്ങൾ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. | 1-24 |
| 29 | ഹരിതകർമസേന - പ്രവർത്തനാവലോകനം | 1-25 |
| 30 | ഗുണഭോക്താക്കൾ ഗ്രോബാഗുകൾ നേരിട്ട് വാങ്ങുന്നു എന്ന് ഉറപ്പാക്കുന്നില്ല. | 1-26 |

| | | |
|---|---|---|
| 31 | ഇ-ടെണ്ടർ ഫോം വിറ്റ് വരവ് ക്രഡിറ്റ് ആയില്ല. | 1-27 |
| 32 | വാഹന വാടക - ഉയർന്ന നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചു. | 1-28 |
| 33 | പൊതുടാപ്പുകൾ - സംയുക്ത പരിശോധന അനിവാര്യം | 1-29 |
| 34 | റ്റി.ഡി.എസ് കുറവ് വരുത്താതെ കരാറുകാരന് തുക അനുവദിച്ചു. | 1-30 |
| 35 | ഹൈമാസ്റ്റ് - മിനിമാസ്റ്റ് ലൈറ്റുകൾ അറ്റകുറ്റപ്പണി - ക്വട്ടേഷനും ബില്ലും പൊരുത്തപ്പെടുന്നില്ല - 45,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-31 |
| 36 | ആംബുലൻസ് വരവ് - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-32 |
| 37 | തെരുവ് വിളക്ക് അറ്റകുററപ്പണി- വാഹന വാടക നൽകിയതിനാധാരമായ ട്രിപ്പ് ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല, ചെലവ് തടസ്സപ്പെടുത്തുന്നു | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ലോഗ് ബുക്ക് പ്രകാരം ഫ്യൂവൽ വിനിയോഗത്തിൽ ഉൾപ്പെടാത്ത ഫ്യൂവൽ ബില്ലിന് 5,315/- രൂപ അനുവദിച്ചു - ചെലവ് നിരാകരിക്കുന്നു. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തിക്ക നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 31-03-2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 22.07.2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 22.07.2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്നതരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൌണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടുകൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-01 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ

### 1-1-02 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = 1,03,03,127/- രൂപ

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40a-40b) = -50,64,144/- രൂപ

### 1-1-03 ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല

1) 2022-23 ൽ വികസനഫണ്ട്-പൊതുവിഭാഗത്തിൽ നിന്നും പേയമെന്റ് നൽകുന്നതിനായി ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതും എന്നാൽ തൻവർഷം പേയമെന്റ് ആകാത്തതുമായ ബില്ലുകൾ അതാത് ഫണ്ടുകളുടെ ACR ൽ നിന്നും ഒഴിവാക്കിയിട്ടില്ല. സ്രോതസ്സിൽ നിന്നും നേരിട്ട് പിൻവലിച്ച 54,08,652/- രൂപ ഉൾപ്പെടെ സാംഖ്യ എ.സി.ആർ പ്രകാരമുള്ള ചെലവ് 2,86,73,166/- രൂപയാണ്, എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് 2,63,84,361/- രൂപയാണ്.

2) വികസനഫണ്ട് SCP – 6 സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയ തുക കൂടി ഉൾപ്പെടുത്തി ആകെ ചെലവ് 13,71,236/- രൂപയാണ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സാംഖ്യ ACR ലെ ചെലവിനൊപ്പം സ്രോതസ്സിൽ നിന്നും നേരിട്ടുള്ള ചെലവ് കൂടി ഉൾപ്പെടുത്തിയാൽ ആകെ ചെലവ് 1,48,37,478/- രൂപയാണ്.

### 1-1-04 സുലേഖ, സാംഖ്യ ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല

മെയിന്റനൻസ് ഗ്രാന്റ് റോഡിതര ഗ്രാന്റിനത്തിലുള്ള ചെലവ് സാഖ്യ എ.സി.ആർ പ്രകാരം 66,38,160/- രൂപയും സുലേഖ

ചെലവ് പത്രിക പ്രകാരം 65,70,627/- രൂപയും ആണ്. പ്രസ്തുത പത്രികകൾ പ്രകാരം ചെലവിനത്തിലുള്ള വ്യത്യാസം 67,533/- രൂപയാണ്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം പ്രോജ.നം 233/23, മൃഗാശുപത്രിക്ക് കണ്ടിജന്റ് ചെലവ് എന്ന പദ്ധതിയുടെ ചെലവിനായി ആകെ നൽകിയ റിക്വസിഷനുകളിൽ 3,201/- രൂപയുടെ ചെലവ് സുലേഖയിൽ വന്നിട്ടില്ല എന്നതൊഴികെ മറ്റ് തുകകളൊന്നും പേയ്മെന്റ് ആകാതിരുന്നിട്ടില്ല. വ്യത്യാസത്തിന്റെ കാരണം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

30.03.2022 ലെ 1(1) തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 28-03-2023 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,09,60,015/- രൂപ |
| വരവ് | 5,85,82,213/- രൂപ |
| ആകെ | 8,95,42,228/- രൂപ |
| ചെലവ് | 6,36,46,357/- രൂപ |
| നീക്കിയിരിപ്പ് | 2,58,95,871/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 5,315/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 30,97,549/- രൂപ |

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവു ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 2,88,99,000/- | 2,88,99,000/- | 2,63,84,361/- | 25,14,639/- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1,50,20,000/- | 1,50,20,000/- | 1,37,12,361/- | 13,07,639/- |
| മെയിന്റനൻസ്, റോഡ് | 0 | 65,18,000/- | 65,18,000/- | 38,79,091/- | 26,38,909/- |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 89,20,000/- | 89,20,000/- | 65,70,627/- | 23,49,373/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (റ്റൈഡ്-ബാങ്ക്) | 1431006/- | 65,16,000/- | 79,47,006/- | 45,38,609/- | 34,08,397/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺറ്റൈഡ്-ബാങ്ക്) | *-2,87,739/- | 45,70,348/- | 42,82,609/- | 42,33,341/- | 49,268/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (റ്റൈഡ്-ട്രഷറി) | 0 | 10,52,455/- | 10,52,455/- | 8,62,486/- | 1,89,969/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺറ്റൈഡ്-ട്രഷറി) | 0 | 43,614/- | 43,614/- | 42,400/- | 1,214/- |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| ലൈഫ് | 46,14,097/- | 38,05,725/- | 84,19,822/- | 41,09,000/- | 43,10,822/- |
| സാക്ഷരത | 1,88,703/- | 2,539/- | 1,91,242/- | 1,91,242/- | 0/- |
| എസ്എസ്.എ | 14,332/- | 193/- | 14,525/- | 14,525/- | 0/- |
| ശുചിത്വമിഷൻ | 0 | 2,10,000/- | 2,10,000/- | 2,10,000/- | 0/- |
| തൊഴിലുറപ്പ് പദ്ധതി അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0/- | 13,60,328/- | 13,60,328/- | 71/- | 13,60,257/- |
| ഹെൽത്ത് ഗ്രാന്റ് 1 | 0/- | 2,95,219/- | 2,95,219/- | 0/- | 2,95,219/- |
| ഹെൽത്ത് ഗ്രാന്റ് 2 | 0/- | 1,87,595/- | 1,87,595/- | 0/- | 1,87,595/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് | 13,71,394/- | 9,16,801/- | 22,88,195/- | 1,70,997/- | 21,17,198/- |
| സമ്പൂർണ്ണ ശുചിത്വം | 30,22,476/- | 72,661/- | 30,95,137/- | 25,30,161/- | 5,64,976/- |

*2021-22 ൽ ധനകാര്യ കമ്മീഷൻ പ്രത്യേക ഗ്രാന്റിനത്തിൽ നിന്നും ചെലവഴിക്കേണ്ട തുക അടിസ്ഥാന ഗ്രാന്റിൽ നിന്നും തെറ്റായി ചെലവഴിച്ചതുമൂലമാണ് അടിസ്ഥാന ഗ്രാന്റിനത്തിൽ 2,87,739/- രൂപയുടെ കുറവ് സംഭവിച്ചിട്ടുള്ളത്.

1. വികസനഫണ്ട് – പൊതുവിഭാഗം, എസ്.സി.പി.യിൽ നിന്നുമുള്ള സാംഖ്യ എ.സി.ആർ പ്രകാരമുള്ള ചെലവും സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2. MG(R)-ആദ്യ ഗഡുവിൽ അധികം അനുവദിച്ച 41,89,967/- രൂപ ജി.ഒ.(ആർ.റ്റി)നം.6267/22/ഫിൻ/05.09.2022 – ഉത്തരവ് പ്രകാരം സർക്കാരിലേക്ക് മുതൽക്കൂട്ടി. ആയതിനാൽ എ.സി.ആർ പ്രകാരമുള്ള വരവ് തുകയായ 85,35,300/- രൂപയിൽ നിന്നും പ്രസ്തുത തുക കുറച്ചും ജി.ഒ.(ആർ.റ്റി)നം.8253/22/ഫിൻ/05.12.2022 പ്രകാരമുള്ള വരവ് (21,72,667/-രൂപ) കൂടി ഉൾപ്പെടുത്തിയുമാണ് ഖണ്ഡികയിൽ വരവ് ഉൾപ്പെടുത്തിയിരിക്കുന്നത്.

3. മെയിന്റനൻസ് ഗ്രാന്റ് റോഡിതര ഫണ്ടിൽ സാംഖ്യ എ.സി.ആർ പ്രകാരമുള്ള ചെലവും സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

4. വാർഷിക ധനകാര്യ പത്രികയിൽ സി.എഫ്.സി റ്റൈഡ് മുൻബാക്കിയായി ഉൾപ്പെടുത്തിയിരിക്കുന്ന തുകയുൾപ്പെടെയുള്ള ആകെ വരവിൽ നിന്നും സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – റ്റൈഡ് സാംഖ്യ എ.സി.ആർ പ്രകാരം ബാങ്കിൽ നിന്നുമുള്ള ചെലവ് കിഴിക്കുമ്പോൾ നീക്കിയിരിപ്പായി വരുന്നത് 34,08,397/-രൂപയാണ്, എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 33,84,133/- രൂപയാണ്. 24,264/- രൂപയുടെ വ്യത്യാസം കാണുന്നു. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ വിവിധ നികുതികളുടെ ഒടുക്കിനായി ബാധ്യതയായി വിവിധ ഹെഡുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 26,060/- രൂപയാണ്.

5. സി.എഫ്.സി ഫണ്ട് വിനിയോഗം – ഗ്രാമ പഞ്ചായത്തിന് 2021-22 സാമ്പത്തിക വർഷത്തിൽ ധനകാര്യകമ്മീഷൻ പ്രത്യേക ഗ്രാന്റിൽ നിന്നും ചെലവഴിക്കേണ്ടിയിരുന്ന 4,21,642/- രൂപ അടിസ്ഥാന ഗ്രാന്റിൽ നിന്നും തെറ്റായി ചെലവഴിച്ചതു മൂലമാണ് തൻവർഷം ധനകാര്യകമ്മീഷൻ അടിസ്ഥാന ഗ്രാന്റിനത്തിൽ 2,87,739/- രൂപയുടെ കുറവ് സംഭവിച്ചിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ (രൂപ) | നടപ്പിലാക്കിയത് | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ എണ്ണം |
|---|---|---|---|---|---|---|
| 256 | 22,08,96,813/- | 193 | 8,62,96,354 | 0 | 63 | 75 % |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0/- | 13,60,328/- | 13,60,328/- | 71/- | 13,60,257/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 6,36,27,715/- | 6,36,27,715/- | 6,36,27,715/- | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ |
|---|---|
| തൊഴിൽരഹിത വേതനം | 30,360/- |
| കർഷകതൊഴിലാളി പെൻഷൻ | 49,02,000/- |
| വിധവാപെൻഷൻ | 1,77,36,400/- |
| വാർദ്ധക്യകാലപെൻഷൻ | 3,31,50,000/- |
| വികലാംഗപെൻഷൻ | 59,98,600/- |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 3,66,000/- |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 2,10,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-12-2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 133/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജന പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. പഞ്ചായത്തിലെ എല്ലാ വരവുകളും ഐ.എൽ.ജി.എം.എസ് വഴി രസീതി നൽകിയാണ് സ്വീകരിക്കുന്നത്.

വസ്തുനികുതി, തൊഴിൽ നികുതി, ലേലം, വാടക എന്നിവയാണ് പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ. അവ പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തനത് വരവുകളുടെ പിരിവിന്റെ പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അവലോകനം ചെയ്ത്നികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് നടപടിയില്ല.
അംഗീകൃത കെട്ടിടങ്ങളുടെ പട്ടികയിൽ നിന്ന് ആയിരക്കണക്കിന് കെട്ടിടങ്ങൾ അനധികൃതമായി ഒഴിവാക്കി. ഇതുമൂലം നികുതി വരുമാനത്തിൽ ഭീമമായ കുറവുണ്ടായി എന്നതിനുപരിയായി കെട്ടിട ഉടമകൾക്ക് നികുതി ഒടുക്കാൻ കഴിയാത്ത അവസ്ഥ സൃഷ്ടിച്ച് കെട്ടിടങ്ങളെ അനധികൃത കെട്ടിടങ്ങളാക്കി. ഇത്തരത്തിൽ വ്യവസ്ഥാപിത സംവിധാനങ്ങൾ അട്ടിമറിച്ചത് ആരൊക്കെയെന്നും, അതിനു പിന്നിലെ ഉദ്ദേശ ലക്ഷ്യങ്ങളും അന്വേഷിക്കപ്പെടണം.

വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ നിർവഹിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം


| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | - | - | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.09.2018 - 15.09.18 | 2013-14 മുതൽ 2017-18 വരെ | 24.10.2018 |

## 1-11 കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

വർഗ്ഗീസ് ജോർജ്ജ് എന്ന വ്യക്തിയ്ക്ക് 24/08/2019ലെ A3-BA/28905/2019 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നത് വാണിജ്യ ഉപയോഗക്രമത്തിലെ കെട്ടിടം നിർമ്മിക്കുന്നതിനാണ്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടയുടമ 08/02/2023ൽ സമർപ്പിച്ച റഗുലറൈസേഷൻ അപേക്ഷയിൽ 1544$m^2$ വാണിജ്യ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചതിനാൽ കെട്ടിടനമ്പർ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.അതുപ്രകാരം പഞ്ചായത്ത് എൻജിനീയറിങ് വിഭാഗം പരിശോധിച്ച് കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത് ചട്ടങ്ങൾക്ക് വിധേയമായാണെന്നും ഈ കെട്ടിടത്തിന് വാണിജ്യ ഉപയോഗത്തിന് ഒക്കുപൻസി നൽകാവുന്നതാണെന്നും സാക്ഷ്യപ്പെടുത്തി. എന്നാൽ വസ്തുനികുതി നിർണ്ണയിച്ചത് വാണിജ്യ ഉപയോഗക്രമത്തിന് പകരം ഓഡിറ്റോറിയം/കൺവെൻഷൻ സെന്റർ ഉപയോഗക്രമത്തിനാണ്. ഇതുമൂലം പഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ നഷ്ടമുണ്ടായി. മേൽ പറഞ്ഞ കെട്ടിടത്തിന് നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി താഴെ പറയുന്ന പ്രകാരമാണ്.

| നിർണ്ണയിച്ച വസ്തുനികുതി | | | | | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി | | | |
|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം (ച.മി) | ഉപയോഗക്രമം/നിരക്ക് | നിശ്ചയിച്ച വസ്തുനികുതി ( 45% വർദ്ധനവ് A/C, റോഡ്, തറ നിർമ്മാണം) (₹) | വിസ്തീർണ്ണം (ച.മി.) | ഉപയോഗക്രമം/നിരക്ക് | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി (₹) | വ്യത്യാസം |
| 2/1237 | വർഗ്ഗീസ് ജോർജ്ജ് | 375.55 | കൺവെൻഷൻ സെന്റർ/40@$m^2$ | 15022+6759 (45%വർദ്ധനവ്)= 21782 | 375.55 | വാണിജ്യം/70@$m^2$ | 26288+11829 (45%വർദ്ധനവ്)= 38117 | 16335 |
| 2/1238 | വർഗ്ഗീസ് ജോർജ്ജ് | 139.28 | വാണിജ്യം/70@$m^2$ | 9749.6+2924.8 (30%വർദ്ധനവ്)= 12675 | 139.28 | വാണിജ്യം/70@$m^2$ | 9749.6+2924.8 (30%വർദ്ധനവ്)= 12675 | 0 |
| 2/1239 | വർഗ്ഗീസ് ജോർജ്ജ് | 139.28 | വാണിജ്യം/70@$m^2$ | 9749.6+2924.8 (30%വർദ്ധനവ്)= 12675 | 139.28 | വാണിജ്യം/70@$m^2$ | 9749.6+2924.8 (30%വർദ്ധനവ്)= 12675 | 0 |
| 2/1240 | വർഗ്ഗീസ് ജോർജ്ജ് | 278.56 | കൺവെൻഷൻ സെന്റർ/40@$m^2$ | 11142.4+5014.0 (45%വർദ്ധനവ്)= 16157 | 278.56 | വാണിജ്യം/70@$m^2$ | 19499+8774 (45%വർദ്ധനവ്)= 28273 | 12116 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2/1241 | വർഗ്ഗീസ് ജോർജ്ജ് | 278.56 | കൺവെൻഷൻ സെന്റർ/40@m$^2$ | 11142.4+5014.0 (45%വർദ്ധനവ്)= 16157 | 278.56 | വാണിജ്യം/70@m$^2$ | 19499+8774 (45%വർദ്ധനവ്)= 28273 | 12116 |
| 2/1242 | വർഗ്ഗീസ് ജോർജ്ജ് | 278.56+54.78 | കൺവെൻഷൻ സെന്റർ/40@m$^2$ | 13333.6+2666.7 (20%വർദ്ധനവ്)= 15999 | 278.56+54.78= 333.34 | വാണിജ്യം/70@m$^2$ | 23333+4666 (20%വർദ്ധനവ്)= 27999 | 11999 |
| | | | | | ആകെ | | | 52566 |



Vettikkavala grama panchayath

INSPECTION REPORT

File No. and Date: A3-1116/23 dtd. 14/02/2023

Name and Address of the applicant: Varghese George,Bhavana bhavan,Vettikkavala

Resurvey No. and Village: 113/15,113/7

Category of Panchayat: Category II

Extent of land in sq.meter: 2280.00 m2

Total Floor area of Existing building in the plot

Floor area of the Building in: 1369.59 m2

| Basement | 375.55 m2 | GF | 278.56 m2 | FF | 278.56 m2 |
|---|---|---|---|---|---|
| SF | 278.56 m2 | third Floor | 278.56 m2 | Head room | 54.78 m2 |
| 5th Floor | | 6th Floor | | 7th Floor | |
| 8th Floor | | 9th Floor | | Total | 1544.57 m2 |

No. of Dwelling Units

Area of each dwelling unit

No. of Floors: 4 Nos

Covered Area of the Building: 278.56 m2

Occupancy: Mercantile/Commercial F

Purpose of Building: Commercial

Height of Building in meter: 16.82 m

Type of Road: Roads under 220(b)

Whether consent from nearby owner for abutting the Construction

Whether any opening other than ventilator at one side

| | |
|---|---|
| Application Fee | No |
| Permit/Dev.Fee | Rs 30 /- |
| Regularization Fee | |
| Additional fee for Higher FSI | |
| Total Fee | Rs 30 /- |

Registration type of Engineer signed on the Plan: Engineer A

Width of the road in meter: 10.00 m

Whether Multiple Occupancy: No

| Item | Rule | Permissible value | Provided in the plan/at the site | Violation or not | Remarks | |
|---|---|---|---|---|---|---|
| Front Yard | 26(4) | 3.00 m | 33.00 m | Complied with KPBR 2019 | Width of projection permissible R26(10) | 30.75 m |
| Side yard 1 | 26(4) | 1.00 m | 7.40 m | Complied with KPBR 2019 | Width of projection permissible R26(10) | 7.00 m |
| Side yard 2 | 26(4) | 1.00 m | 1.50 m | Complied with KPBR 2019 | Width of projection permissible R26(10) | 1.10 m |
| Rear yard | 26(4) | 1.50 m | 34.80 m | Complied with KPBR 2019 | Width of projection permissible R26(10) | 34.05 m |
| Whether the Licensed Engineer is Eligible to sign the Plan & Drawings | 81(11)&100 | Yes | Yes | Complied with KPBR 2019 | | |
| Distance from the plot boundary abutting the Street and Building | 23(2) | 3.00 m | 33.00 m | Complied with KPBR 2019 | | |
| Permissible Height of the Building | 24(a) | 86.00 m | 16.82 m | Complied with KPBR 2019 | | |
| Access to the Building | 28(1) | 3.60 m | 5.00 m | Complied with KPBR 2019 | | |
| Parking | 29(2) | 18 Nos. | 18 Nos. | Complied with KPBR 2019 | | |
| Distance from the nearby building in the same plot | 26(5) | | | Complied with KPBR 2019 | | |
| Rain water Storage tank Capacity | 76(2)(3) | | 40000 Lrs. | Complied with KPBR 2019 | | |
| FSI permitted | 27(2) | 2.75 | 0.58 | Complied with KPBR 2019 | | |
| Coverage Permitted | 27(2) | 60 % | 12.22% | Complied with KPBR 2019 | | |
| If any Electric supply line over the building Vertical clearance required | 22(5) | | | Complied with KPBR 2019 | | |

വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചതിന്റെ കാരണം വ്യക്തമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി-8) മറുപടി ലഭ്യമാക്കിയില്ല. വസ്തു നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-12 തൊഴിൽനികുതി ഈടാക്കുവാൻ അവശേഷിക്കുന്നു

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

(1) 2022-23 ലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, തൊഴിൽ നികുതി റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | മാവേലി സ്റ്റോർ വെട്ടിക്കവല | 2 |
| 2 | സെന്റ് മേരീസ് കാഷ്യു | 2 |
| 3 | സപ്ലൈകോ മാവേലി സ്റ്റോർ | 2 |

| | | |
|---|---|---|
| 4 | ഡയറി കോപ്പറേറ്റീവ് സൊസൈറ്റി | 2 |
| 5 | വില്ലേജ് ഓഫീസ് വെട്ടിക്കവല | 1 |
| 6 | വില്ലേജ് ഓഫീസ് ചക്കുവരിക്കൽ | 1 |
| 7 | ദേവസ്വം ബോർഡ് ക്ഷേത്രം, വെട്ടിക്കവല | 1&2 |
| 8 | ദേവസ്വം ബോർഡ് സ്കൂൾ, വെട്ടിക്കവല | 1&2 |

മുകളിൽ പറഞ്ഞ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരേയും നികുതി പരിധിയിൽ കൊണ്ടുവരുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

(2) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. : 04/16.12.2023.

## 1-13 ഒക്യുപ്പൻസി ലഭിച്ചതിന് ശേഷം അനധികൃത നിർമ്മാണം - പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല.

ഒക്യുപ്പൻസി അനുവദിച്ചതിന് ശേഷമുള്ള അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനാണ് കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തുന്നില്ല. പഞ്ചായത്തിൽ നിന്നും ഒക്യുപ്പൻസി ലഭിച്ചതിനു ശേഷം കെട്ടിടങ്ങളിൽ വ്യാപകമായ അനധികൃത നിർമ്മാണം നടത്തുന്നുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം വാർഡ് നം. 20ൽ കെട്ടിട നമ്പർ 589ൽ പോപ്പുലർ മോട്ടോഴ്സ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിരുന്നു. മേൽ പറഞ്ഞ കെട്ടിട നമ്പരിൽ 56 ച.മീറ്ററിനാണ് വസ്തുനികുതി നിശ്ചയിച്ചിരിക്കുന്നത്. ഈ സ്ഥാപനത്തിലെ 34 ജീവനക്കരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. വാഹനസർവ്വീസിനായി ഉപയോഗിക്കുന്ന ഈ കെട്ടിടത്തിൽ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി എൻക്വയറി നമ്പർ -5 തീയതി 16/12/2023 പ്രകാരം ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം 16/12/2023 ന് സ്ഥലപരിശോധന നടത്തുകയും 56 ച.മീറ്റർ കെട്ടിടത്തിന്റെ സ്ഥാനത്ത് 995.15 ച. മീറ്ററുള്ള കെട്ടിടം നിർമ്മിച്ചതായുള്ള റിപ്പോർട്ട് ഓഡിറ്റിൽ ഹാജരാക്കുകയും ചെയ്തു. പഞ്ചായത്തിൽ നിന്നുള്ള അനുമതി കൂടാതെയാണ് പ്രസ്തുത കെട്ടിടം നിർമ്മിച്ച് ഉപയോഗിച്ച് വരുന്നത്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 235(എഎ ) പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം നിയമാനുസൃതം അല്ലാതെ നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്താൽ മേൽപ്പറഞ്ഞ നിയമത്തിലെ വകുപ്പ് 203(2)ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഉപയോഗ ക്രമത്തിൽ ക്രമീകരിക്കുകയോ അല്ലെങ്കിൽ പൊളിച്ചു നീക്കുകയോ ചെയ്യുന്നതുവരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നതെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ട് ഇരട്ടിയും ചേർന്നുള്ള തുക വസ്തു നികുതിയായി നൽകുന്നതിന് കെട്ടിട ഉടമ ബാധ്യസ്ഥനായിരിക്കും. ഒക്യുപ്പൻസി അനുവദിച്ചതിന് ശേഷം അനധികൃതമായി കെട്ടിടം നിർമ്മാണം നടത്തിയതിനെതിരെ പഞ്ചായത്ത് രാജ് നിയമവും കെട്ടിട നിർമ്മാണ ചട്ടങ്ങളും അനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും അനധികൃത നിർമ്മാണത്തിന് ചുമത്തേണ്ട വസ്തുനികുതി കെട്ടിടയുടമയിൽ നിന്നും ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-14 വിസ്തീർണ്ണം കുറച്ച് വസ്തുനികുതി നിർണ്ണയിച്ചു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപ നികുതിയം സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 2 (എഫ്) പ്രകാരം നികുതി നിർണ്ണയിക്കുന്ന ആവശ്യത്തിലേക്കായി 'തറവിസ്തീർണ്ണം എന്നാൽ ഒരു ഏക നില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറ നിരപ്പിന്റെ (ചുമർ കനം ഉൾപ്പെടെ) വിസ്തീർണ്ണം എന്നും, സെല്ലാർ നിലയുള്ളതോ ഇല്ലാത്തതോ ആയ ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറ നിരപ്പിന്റെ (ചുമർ കനം ഉൾപ്പെടെ എന്നാൽ തുറസ്സായ ടെറസ്സ് ഭാഗം ഒഴികെ) ആകെ വിസ്തീർണ്ണം എന്നും അർത്ഥമാകുന്നു'. ചട്ടം 3(4) പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിചേർത്താണ് ആ ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടത്. ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണയിച്ച ഫയലുകൾ പരിശോധിച്ചതിൽ കെട്ടിടത്തിന് കെട്ടിടനികുതി നിർണ്ണയിച്ചപ്പോൾ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ

തറവിസ്തീർണ്ണം, കെട്ടിടത്തിന്റെ പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുള്ള ഭാഗങ്ങളുടെ തറവിസ്തീർണ്ണം എന്നിവ കൂടി കണക്കിലെടുക്കാത്ത നികുതി നിർണ്ണയങ്ങളും കാണാൻ കഴിഞ്ഞു.

ഷീജ ജോൺസൺ എന്ന വ്യക്തിയുടെ കെട്ടിട നമ്പറിംഗിനുള്ള അപേക്ഷ പ്രകാരം 2/1247 മുതൽ 2/1250 വരെയുള്ള കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 649.4 എം സ്ക്വയറാണ്. എന്നാൽ 519.51$m^2$ നാണ് വസ്തുനികുതി നിർണ്ണയിച്ചത്. പാർക്കിംഗിനായി നീക്കിവെച്ചിരിക്കുന്ന സെല്ലാർ ഭാഗത്തിന്റെ വിസ്തീർണ്ണമായ 129.89$m^2$നികുതി നിർണ്ണയത്തിൽ നിന്നും ഒഴിവാക്കി. അതിനാൽ കെട്ടിടനികുതിയിനത്തിൽ 10,911/- രൂപയുടെ (129.89 X 70 = 9092 + 20% വർദ്ധനവ്) കുറവുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയെ (എൻക്വയറി-6/16-12-2023) തുടർന്ന് സ്ഥലപരിശോധന നടത്തിയ പഞ്ചായത്ത് എൻജിനീയറിങ് വിഭാഗം പാർക്കിംഗിനായി നീക്കിവെച്ചിരിക്കുന്ന സെല്ലാർ ഭാഗം കെട്ടിയടച്ചതായി റിപ്പോർട്ട് ലഭ്യമാക്കി. പാർക്കിംഗ് ഏരിയയുടെ വസ്തുനികുതി നിർണ്ണയിച്ച് കുടിശ്ശികയടക്കം ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-15 വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചതു മൂലം നഷ്ടം.

വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം നികുതിയിൽ വലിയ കുറവുണ്ടായിട്ടുണ്ട് എന്ന് കാണാൻ കഴിഞ്ഞു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ 2-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ (7)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന എതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതാത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തു നികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ(ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 70/- രൂപയായും 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 60/- രൂപയായും പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട് . വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്സ്മെന്റ് രജിസ്റ്ററും, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല എന്നാണ് കാണുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വാർഡ് നമ്പർ കെട്ടിട നമ്പർ | ഉടമയുടെ പേര് | ച.മി | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (ച.മിറ്ററിന് 60രൂപ നിരക്കിൽ) | നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി (ച.മിറ്ററിന് 70രൂപ നിരക്കിൽ) | അടിസ്ഥാന വസ്തുനികുതിയിൽ കുറവുണ്ടായ തുക |
|---|---|---|---|---|---|---|
| 1 | 6/1098 | ബാബുക്കുട്ടൻ | 21.39 | 1283 | 1497 | 214 |
| 2 | 6/1099 | ബാബുക്കുട്ടൻ | 21.41 | 1284 | 1498 | 214 |
| 3 | 6/1100 | ബാബുക്കുട്ടൻ | 21.46 | 1287 | 1502 | 215 |
| 4 | 6/1101 | ബാബുക്കുട്ടൻ | 42.99 | 2579 | 3009 | 430 |
| 5 | 6/1102 | ബാബുക്കുട്ടൻ | 54.11 | 3246 | 3787 | 541 |
| 6 | 9/961 | ബിജു എബ്രഹാം | 117.33 | 7040 | 8213 | 1173 |
| 7 | 9/962 | ബിജു എബ്രഹാം | 29.33 | 1759 | 2053 | 294 |
| 8 | 9/963 | ബിജു എബ്രഹാം | 45.55 | 2733 | 3188 | 455 |

| | | | | | | |
|---|---|---|---|---|---|---|
| 9 | 2/1247 | ഷീജ ജോൺസൺ | 23.23 | 1393 | 1626 | 233 |
| 10 | 2/1248 | ഷീജ ജോൺസൺ | 39.98 | 2399 | 2798 | 399 |
| | 2/1249 | ഷീജ ജോൺസൺ | 74.2 | 4452 | 5194 | 742 |
| | 2/1250 | ഷീജ ജോൺസൺ | 68.3 | 4098 | 4781 | 683 |
| | 2/1251 | ഷീജ ജോൺസൺ | 68.3 | 4098 | 4781 | 683 |
| | 2/1253 | ഷീജ ജോൺസൺ | 64.9 | 3894 | 4543 | 649 |

അപാകതകൾ പരിഹരിച്ച് നികുതി പുനർനിർണ്ണയിച്ച് കുടിശ്ശികയടക്കം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-16 സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്രമക്കേട്.

സഞ്ചയസോഫ്റ്റ്‌വെയറിൽ നിന്ന് കെട്ടിടങ്ങൾ കൂട്ടത്തോടെ ഡിലീറ്റ്ചെയ്യുകയും, ഡേറ്റാ എൻട്രിയിൽ നിന്നും ഒഴിവാക്കുകയും ചെയ്യുന്നതായി പരിശോധനയിൽ കണ്ടെത്തി. ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ സഞ്ചയയിൽ വീണ്ടും ഉൾപ്പെടുത്തുന്നതിന് ഉടമകൾ പരാതി നൽകിയെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടില്ല. അസ്സസ്സ്മെന്റ് രജിസ്റ്ററിൽ കെട്ടിടങ്ങൾക്ക് തുടർച്ചാക്രമത്തിലല്ലാതെ നമ്പരുകൾ നൽകുന്നതായും പരിശോധനയിൽ വ്യക്തമായി. വിശദവിവരം ചുവടെ ചേർക്കുന്നു.

1. നടപടി ക്രമങ്ങൾ പാലിക്കാതെ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ട കെട്ടിടങ്ങൾ വൻതോതിൽ ഡിലീറ്റ് ചെയ്യുന്ന .

സഞ്ചയസോഫ്റ്റ്‌വെയറിൽ ഉൾപ്പെട്ടിട്ടുള്ള കെട്ടിടങ്ങൾ നടപടി ക്രമങ്ങൾ പാലിക്കാതെ വലിയ തോതിൽ ഡിലീറ്റ്ചെയ്യുകയും, ഡേറ്റാ എൻട്രിയിൽ നിന്നും ഒഴിവാക്കുകയും ചെയ്യുന്നു.

ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി അസസ്സ്മെന്റ് രജിസ്റ്ററിൽ ഇപ്പോഴും നിലനിൽക്കുന്ന കെട്ടിടങ്ങൾ സോഫ്റ്റ്‌വെയറിൽ നിന്നും ഡിലീറ്റ് ചെയ്യപ്പെട്ട നിലയിലാണ്. സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡിലീറ്റഡ് ബിൽഡിംഗ് ലിസ്റ്റ് പരിശോധിച്ചതിൽ 3909 എണ്ണം കെട്ടിടങ്ങൾ നിലവിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ഡിലീറ്റ് ചെയ്തിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ/ വാർഡ് നമ്പർ | കെട്ടിട ഉടമയുടെ പേര് |
|---|---|---|
| 1 | 07/231 | ശ്രീ. അബ്ദുൾ അസ്സീസ്സ് |
| 2 | 07/332 | ശ്രീ. ഇബ്രാഹിംകുട്ടി |
| 3 | 07/329 | ശ്രീമതി സൈനബാ ബീവി |
| 4 | 07/221 | ശ്രീ. നാസ്സർ |
| 5 | 07/212 | ശ്രീ. ഷിബുമോൻ |
| 6 | 21/237 | ശ്രീ. അശോകൻ |
| 7 | 21/395 | ശ്രീ. ശിവൻകുട്ടി |
| 8 | 03/432 | ശ്രീമതി ശ്രീദേവി |
| 9 | 03/639 | ശ്രീ. ചന്ദ്രശേഖരൻ നായർ |
| 10 | 07/271 | ശ്രീ. സിറാജുദ്ദീൻ |
| 11 | 07/272 | ശ്രീ. സുബൈർ റാവുത്തർ |
| 12 | 07/651 | ശ്രീ. ബീവിജാൻ |
| 13 | 07/652 | ശ്രീ. അബ്ദുൾമജീദ് |

2. കമ്പ്യൂട്ടർ രേഖകളിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളെ പുന :സ്ഥാപിക്കുന്നതിനായി കെട്ടിട ഉടമകൾ നൽകിയ പരാതിയിന്മേൽ തുടർനടപടി സ്വീകരിക്കുന്നില്ല .

2022-23 ലെ ഓഡിറ്റിന്റെ ഭാഗമായി, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് സെക്ഷനിൽ ലഭിച്ച പരാതികൾ പരിശോധിച്ചപ്പോൾ നിരവധി കെട്ടിട ഉടമകൾ തങ്ങളുടെ കെട്ടിടങ്ങൾ പഞ്ചായത്തിലെ കമ്പ്യൂട്ടർ രേഖകളിൽ നിന്നും ഒഴിവാക്കിയത് പുന:സ്ഥാപിക്കുന്നതിനായി പരാതി നൽകിയിരിക്കുന്നതായി കണ്ടെത്തി. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടനമ്പർ | കെട്ടിടയുടമയുടെ പേര് |
|---|---|---|
| 1 | 7/646 | ശ്രീ. നിസാമുദ്ദീൻ |
| 2 | 15/319 | ശ്രീ. കബീർ |
| 3 | 3/227 | ശ്രീമതി ശാന്തി |
| 4 | 15/332 | ശ്രീമതി വിമലകുമാരി |
| 5 | 10/408 | ശ്രീ. ലൂക്കോസ് |
| 6 | 15/413 | ശ്രീ. ഷിഹാബുദ്ദീൻ |
| 7 | 10/371 | ശ്രീമതി ചെല്ലമ്മ |
| 8 | 9/675 | ശ്രീമതി സുമതി |
| 9 | 2/270 | ശ്രീ. തോമസ് |
| 10 | 14/204 | ശ്രീ. മധുസൂദനൻ പിള്ള |

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-24(3) ൽ "കെട്ടിടങ്ങൾ പൊളിക്കുന്ന സാഹചര്യത്തിൽ കെട്ടിടയുടമ സെക്രട്ടറിക്ക് നോട്ടീസ് നൽകണമെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് കെട്ടിടങ്ങൾ ഒഴിവാക്കേണ്ടതെന്നും" വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കെട്ടിട ഉടമകളിൽ നിന്നും രേഖാമൂലമുള്ള അപേക്ഷ സ്വീകരിക്കാതെയാണ് കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. കെട്ടിടങ്ങൾ അനധികൃതമായി ഡിലീറ്റ് ചെയ്തതുമൂലം പഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ വരുമാനനഷ്ടം ഉണ്ടാകുന്നതുകൂടാതെ ഈ കെട്ടിട ഉടമകൾക്കും കുടുംബത്തിലെ മറ്റ് അംഗങ്ങൾക്കും അർഹതപ്പെട്ട ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നതിനും ഇടയാകുന്നു. ഡിലീറ്റ് ചെയ്യപ്പെട്ട കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന ഭൂമി കൈമാറ്റം ചെയ്യുന്ന സാഹചര്യത്തിൽ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റുന്നതിന് സാധിക്കാതെ വരുന്നു. സഞ്ചയ സോഫ്റ്റ്‌വെയറിൽ അനധികൃതമായി ഡിലീറ്റ്ചെയ്യുകയോ ഡേറ്റ എൻട്രിയിൽ നിന്നും ഒഴിവാക്കുകയോ ചെയ്ത കെട്ടിടങ്ങളെ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ വസ്തുനികുതി പിരിവിൽ ബോധപൂർവ്വം ക്രമക്കേട് നടത്തിയിട്ടുണ്ട് എന്നാണ് വ്യക്തമാകുന്നത്. മേൽ പറഞ്ഞ ഓരോ വിഷയത്തിലും സമഗ്രമായ അന്വേഷണം നടത്തുന്നതിനും, ഈ രീതികളിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടങ്ങൾ അനധികൃതമായി ഡിലീറ്റ്ചെയ്യുകയോ ഡേറ്റ എൻട്രിയിൽ നിന്നും ഒഴിവാക്കുകയോ ചെയ്തതു വഴി പഞ്ചായത്ത് ഫണ്ടിനുണ്ടായ മുഴുവൻ നഷ്ടവും കൃത്യമായി നിർണ്ണയിച്ച് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കുന്നതിനും ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

3) കെട്ടിടങ്ങൾക്ക് തുടർച്ചയായി നമ്പർ നൽകിയിട്ടില്ല .

വാർഡ്-1: ഉളിയനാട് വാർഡിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം അവസാനമായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടത്തിന് നൽകിയ കെട്ടിട നമ്പർ 1197 ആണ്. എന്നാൽ ഈ വാർഡിൽ 797 മുതൽ 828 വരെയുള്ള നമ്പരുകൾ കെട്ടിടങ്ങൾക്ക് നൽകിയിട്ടില്ല.

വാർഡ്-3: ഉളിയനാട് ഈസ്റ്റ് വാർഡിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം അവസാനമായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടത്തിന് നൽകിയ കെട്ടിട നമ്പർ 1265 ആണ്. എന്നാൽ ഈ വാർഡിൽ 1120 മുതൽ 1152 വരെയുള്ള നമ്പരുകൾ കെട്ടിടങ്ങൾക്ക് നൽകിയിട്ടില്ല.

വാർഡ്-5: പച്ചൂർ വാർഡിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം അവസാനമായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടത്തിന് നൽകിയ കെട്ടിട നമ്പർ 1227 ആണ്. എന്നാൽ ഈ വാർഡിൽ 667 മുതൽ 728 വരെയും 742 മുതൽ 855 വരെയും 1035 മുതൽ 1203 വരെയുമുള്ള നമ്പരുകൾ കെട്ടിടങ്ങൾക്ക് നൽകിയിട്ടില്ല.

വാർഡ്-6: ചിരട്ടക്കോണം വാർഡിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം അവസാനമായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടത്തിന് നൽകിയ കെട്ടിട നമ്പർ 1116 ആണ്. എന്നാൽ ഈ വാർഡിൽ 921 മുതൽ 991 വരെയുള്ള നമ്പരുകൾ കെട്ടിടങ്ങൾക്ക് നൽകിയിട്ടില്ല.

വാർഡ്-7: തലച്ചിറ വാർഡിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം അവസാനമായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടത്തിന് നൽകിയ കെട്ടിട നമ്പർ 1094 ആണ്. എന്നാൽ ഈ വാർഡിൽ 811 മുതൽ 838 വരെയും 846 മുതൽ 872 വരെയും 915 മുതൽ 1029 വരെയുമുള്ള നമ്പരുകൾ കെട്ടിടങ്ങൾക്ക് നൽകിയിട്ടില്ല.

വാർഡ്-8: തലച്ചിറ ഈസ്റ്റ് വാർഡിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം അവസാനമായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടത്തിന് നൽകിയ കെട്ടിട നമ്പർ 985 ആണ്. എന്നാൽ ഈ വാർഡിൽ 807 മുതൽ 823 വരെയുള്ള നമ്പരുകൾ കെട്ടിടങ്ങൾക്ക് നൽകിയിട്ടില്ല.

വാർഡ്-9: ചക്കുവരയ്ക്കൽ വാർഡിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം അവസാനമായി

വസ്തുനികുതി നിർണ്ണയിച്ച കെട്ടിടത്തിന് നൽകിയ കെട്ടിട നമ്പർ 979 ആണ്. എന്നാൽ ഈ വാർഡിൽ 667 മുതൽ 702 വരെയും 704 മുതൽ 744 വരെയും 824 മുതൽ 862 വരെയുമുള്ള നമ്പരുകൾ കെട്ടിടങ്ങൾക്ക് നൽകിയിട്ടില്ല.

വാർഡ്-10: ഗാന്ധിഗ്രാം വാർഡിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിക്കുമ്പോൾ അവസാനമായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടത്തിന് നൽകിയ കെട്ടിട നമ്പർ 925 ആണ്. എന്നാൽ ഈ വാർഡിൽ 824 മുതൽ 862 വരെയും 667 മുതൽ 702 വരെയുമുള്ള നമ്പരുകൾ കെട്ടിടങ്ങൾക്ക് നൽകിയിട്ടില്ല.

വാർഡ്-11: കോട്ടവട്ടം നോർത്ത് വാർഡിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം അവസാനമായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടത്തിന് നൽകിയ കെട്ടിട നമ്പർ 930 ആണ്. എന്നാൽ ഈ വാർഡിൽ 608 മുതൽ 628 വരെയും 630 മുതൽ 638 വരെയും 640 മുതൽ 707 വരെയുമുള്ള നമ്പരുകൾ കെട്ടിടങ്ങൾക്ക് നൽകിയിട്ടില്ല.

വാർഡ്-12: കോട്ടവട്ടം വാർഡിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം അവസാനമായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടത്തിന് നൽകിയ കെട്ടിട നമ്പർ 912 ആണ്. എന്നാൽ ഈ വാർഡിൽ 608 മുതൽ 656 വരെയും 658 മുതൽ 675 വരെയും 781 മുതൽ 800 വരെയും 820 മുതൽ 851 വരെയുമുള്ള നമ്പരുകൾ കെട്ടിടങ്ങൾക്ക് നൽകിയിട്ടില്ല.

വാർഡ്-13: കോക്കാട് നോർത്ത് വാർഡിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം അവസാനമായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടത്തിന് നൽകിയ കെട്ടിട നമ്പർ 832 ആണ്. എന്നാൽ ഈ വാർഡിൽ 539 മുതൽ 548 വരെയുള്ള നമ്പരുകൾ കെട്ടിടങ്ങൾക്ക് നൽകിയിട്ടില്ല.

വാർഡ്-14: കോക്കാട് വാർഡിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം അവസാനമായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടത്തിന് നൽകിയ കെട്ടിടനമ്പർ 877 ആണ്. എന്നാൽ ഈ വാർഡിൽ 683 മുതൽ 700 വരെയും 705 മുതൽ 732 വരെയും 747 മുതൽ 805 വരെയുമുള്ള നമ്പരുകൾ കെട്ടിടങ്ങൾക്ക് നൽകിയിട്ടില്ല.

വാർഡ്-15: കടുവപ്പാറ വാർഡിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം അവസാനമായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടത്തിന് നൽകിയ കെട്ടിട നമ്പർ 985 ആണ്. എന്നാൽ ഈ വാർഡിൽ 807 മുതൽ 823 വരെയുള്ള നമ്പരുകൾ കെട്ടിടങ്ങൾക്ക് നൽകിയിട്ടില്ല.

വാർഡ്-17: നിരപ്പിൽ വാർഡിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിക്കുമ്പോൾ അവസാനമായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടത്തിന് നൽകിയ കെട്ടിട നമ്പർ 1268 ആണ്. എന്നാൽ ഈ വാർഡിൽ 804 മുതൽ 984 വരെയും 1026 മുതൽ 1199 വരെയുമുള്ള നമ്പരുകൾ കെട്ടിടങ്ങൾക്ക് നൽകിയിട്ടില്ല.

വാർഡ്-18: പനവേലി വാർഡിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം അവസാനമായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടത്തിന് നൽകിയ കെട്ടിട നമ്പർ 976 ആണ്. എന്നാൽ ഈ വാർഡിൽ 691 മുതൽ 772 വരെയും 852 മുതൽ 975 വരെയുമുള്ള നമ്പരുകൾ കെട്ടിടങ്ങൾക്ക് നൽകിയിട്ടില്ല.

വാർഡ്-19: മടത്തിയറ വാർഡിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം അവസാനമായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടത്തിന് നൽകിയ കെട്ടിട നമ്പർ 1026 ആണ്. എന്നാൽ ഈ വാർഡിൽ 855 മുതൽ 950 വരെയുള്ള നമ്പരുകൾ കെട്ടിടങ്ങൾക്ക് നൽകിയിട്ടില്ല.

വാർഡ്-21: സദാനന്ദപുരം വാർഡിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിക്കുമ്പോൾ അവസാനമായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടത്തിന് നൽകിയ കെട്ടിട നമ്പർ 1265 ആണ്. എന്നാൽ ഈ വാർഡിൽ 990 മുതൽ 1126 വരെയുള്ള നമ്പരുകൾ കെട്ടിടങ്ങൾക്ക് നൽകിയിട്ടില്ല.

കെട്ടിടനമ്പർ തുടർച്ചയായി നൽകാത്തത് മൂലം ആ വാർഡിലെ ആകെ കെട്ടിടങ്ങളെ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമാകാതെ വരുന്നു. ഒഴിവായി കിടക്കുന്ന ഈ നമ്പരുകൾ പുതിയ കെട്ടിങ്ങൾക്ക് നൽകി ദുരുപയോഗം ചെയ്യപ്പെടുന്ന സാഹചര്യവും ഉണ്ടാകാനിടയുണ്ട്. ഇത്തരം അപാകതകൾ പരിഹരിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-17 റോഡ് നിർമ്മിച്ച് ഒരു വർഷം തികയുന്നതിനു മുമ്പ് പൊട്ടി തകരുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 203/2022 |
| പ്രോജക്ടിന്റെ പേര് | ഇരണൂർ ക്ഷേത്രം-LPSറോഡ് കോൺക്രീറ്റിംഗ് |
| ഫണ്ടിനം | മെയിന്റനൻസ് റോഡ് |
| ചെലവ് | 2,47,940/- (ബിൽ നമ്പർ 22040252020101166122, തീയതി-9/2/2023) |
| കരാറുകാരൻ | ശ്രീ. കനകബോസ് |
| പണി പൂർത്തീകരിച്ച തീയതി | 13-01-2023 |

മേൽ പറഞ്ഞ പ്രോജക്ട് രൂപീകരിച്ചത് ഇരണൂർ ക്ഷേത്രം - LPS റോഡിൽ 66.2മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ 15 സെന്റിമീറ്റർ കനത്തിൽ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനായിരുന്നു. മുമ്പ് ടാർ ചെയ്തിരുന്ന ഈ റോഡ് ടാർ പൊളിഞ്ഞതിനെതുടർന്നാണ് കോൺക്രീറ്റ് ചെയ്യുന്നതിന് പ്രോജക്ട് വച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഈ എസ്റ്റിമേറ്റിൽ

മോർത്ത് സ്പെസിഫിക്കേഷനിൽ താഴെ പറയും പ്രകാരമുള്ള ജോലികളാണ് ഉൾപ്പെടുത്തിയിരുന്നത്

1) 3-2 Scarifying Existing Bituminous Surface To A Depth Of 150 Mm By Mechanical Means
Scarifying The Existing Bituminous Road Surface To A Depth Of 150 Mm

2) 75-8-1 Providing Plain Cement Concrete For Road Work CC 1:2:4 (1 Cement: 2 Fine Aggregate: 4course Aggregate) Laid To Required Slope And Camber In Panels (@ 3 M C/c) As Requiredincluding Compaction, Finishing And Tamping Etc. Complete. Max. Size Of Course Aggregate Not Exceeding 25mm, Mixed In Concrete Mixer Etc Complete As Perspecification (I) Nominal Mix (1:2:4)

ഈ പ്രവൃത്തി ചെയ്യുന്നതിനായി ഇ-ടെണ്ടർ നടത്തി ശ്രീ. കനകബോസ് എന്ന കോൺട്രാക്ടർക്ക് കരാർ നൽകി. മേൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി കരാറുകാരൻ 13-01-2023 ൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന് എഞ്ചിനീയർ എം.ബുക്കിൽ സാക്ഷ്യപ്പെടുത്തിയിരുന്നു. 2.47 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ഈ റോഡിന്റെ ഒരു ഭാഗം ഒരു വർഷം പോലും തികയുന്നതിനു മുമ്പ് 6 മീറ്റർ നീളത്തിൽ 2മീറ്റർ വീതിയിൽ പൊട്ടിതകർന്നു പോയതായി 16/12/2023ൽ ഓഡിറ്റ് ടീമും എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗവും നടത്തിയ സംയുക്ത സ്ഥല പരിശോധനയിൽ വ്യക്തമായി.



റോഡ് നിർമ്മാണത്തിലെ അപാകതകൾ മൂലമാണ് റോഡിന്റെ ഒരു ഭാഗം ഒരു വർഷം പോലും തികയുന്നതിനു മുമ്പ് തകർന്നു പോയതെന്ന് വ്യക്തമാകുന്നു. നിർമ്മാണ പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കേണ്ട എഞ്ചിനീയറിംഗ് വിഭാഗം ഈ ചുമതല കൃത്യമായി നിർവ്വഹിച്ചിരുന്നുവെങ്കിൽ റോഡിന്റെ തകർച്ച ഒഴിവാക്കാമായിരുന്നു. എഞ്ചിനീയർ നൽകിയ LETTER OF ACCEPTANCE പ്രകാരവും കരാർ പ്രകാരവും പണി പൂർത്തീകരിച്ച് രണ്ട് വർഷം വരെ DEFECT LIABILITY PERIOD ആണ്. ഈ കലയളവിൽ റോഡിന് വരുന്ന തകരാറുകൾ പരിഹരിക്കേണ്ട ചുമതല കരാറുകാരനാണ്. അതുപ്രകാരം കരാറകാരനെകൊണ്ട് റോഡിന്റെ തകരാർ പരിഹരിപ്പിച്ച് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിൽ 2022-23 കാലയളവിൽ നിർമ്മാണം നടത്തിയിട്ടുള്ള മറ്റ് റോഡുകളും പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ്.

### 1-18 ലൈഫ് ഭവനനിർമ്മാണം

'ലൈഫ് ഭവനനിർമ്മാണം' പദ്ധതിയിൽ മുൻകൂർ തുക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

*ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം (SCP)
പ്രോജക്ട് നമ്പർ – 146/2023 (അടങ്കൽ തുക: 29,56,580/- രൂപ, ചെലവ് തുക: 20,80,000/- രൂപ)
**ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം (ജനറൽ)
പ്രോജക്ട് നമ്പർ – 145/2023 (അടങ്കൽ തുക: 46,09,709/- രൂപ, ചെലവ് തുക: 9,60,000/- രൂപ)
***ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം (മൂന്നാംഘട്ടം ജനറൽ)SO
പ്രോജക്ട് നമ്പർ – 67/2023 (അടങ്കൽ തുക: 87,00,000/- രൂപ, ചെലവ് തുക: 16,75,000/- രൂപ)

****ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം (മൂന്നാംഘട്ടം SC)SO
പ്രോജക്റ്റ് നമ്പർ – 67/2023 (അടങ്കൽ തുക: 1,83,55,000/- രൂപ, ചെലവ് തുക: 30,80,000/- രൂപ)

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ നൽകിയ തുക (രൂപ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | *സാവിത്രി<br>പൂവണത്തിക്കോണത്ത് വീട്<br>ഇരണൂർ | 40,000/- (18/3-3-23) | പ്രവൃത്തി<br>ആരംഭിച്ചിട്ടില്ല |
| 2 | **സുലോചന<br>അരിയോട്ട് പുത്തൻവീട് | 40,000/- (9/25-3-23) | പ്രവൃത്തി<br>ആരംഭിച്ചിട്ടില്ല |
| 3 | ***ശ്രീലത<br>നീതുഭവൻ<br>ഇരണൂർ | 40,000/- (43/18-3-21) | പ്രവൃത്തി<br>ആരംഭിച്ചിട്ടില്ല |
| 4 | ****വിലാസിനി<br>നിരപ്പിൽ പുത്തൻവീട്<br>കോട്ടവട്ടം | 40,000/- (43/26-2-21) | പ്രവൃത്തി<br>ആരംഭിച്ചിട്ടില്ല |
| 5 | ****സുഭദ്ര<br>നിരപ്പിൽ വീട്<br>കോട്ടവട്ടം | 40 000/- (23/26-2-21) | പ്രവൃത്തി<br>ആരംഭിച്ചിട്ടില്ല |
| 6 | ****സുമതി<br>കാരോട്ടുപുത്തൻവീട്<br>ചക്കുവരയ്ക്കൽ | 40 000/- (7/28-9-21) | പ്രവൃത്തി<br>ആരംഭിച്ചിട്ടില്ല |

മുൻകൂർ തുക കൈപ്പറ്റിയശേഷം ഇതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളെക്കൊണ്ട് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനായുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം പ്രവർത്തനം ആരംഭിച്ചില്ല.

കോക്കാട് വാർഡിൽ 11,61,793/- രൂപ കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് ചെലവഴിച്ച് 2020-21, 2021-22 കാലയളവിൽ കോക്കാട് മാർക്കറ്റിന് സമീപം സ്ഥാപിച്ച ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം പ്രവർത്തിക്കാതെ അടഞ്ഞുകിടക്കുന്നതായി 15-12-2023 ൽ നടത്തിയ ഭൗതികപരിശോധനയിൽ കണ്ടു. നിലവിലുള്ള പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ പിൻഭാഗത്തായി പൊതുജനശ്രദ്ധ പതിയാത്തതും അതിനാൽതന്നെ ഇതുവഴി കടന്നപോകുന്ന യാത്രക്കാർക്ക് പ്രയോജനകരമല്ലാത്തതുമായ സ്ഥലത്താണ് നിർമ്മാണം നടത്തിയിരിക്കുന്നത്. വേണ്ടത്ര ആസൂത്രണപാടവമില്ലാതെ നിർമ്മാണം നടത്തിയതുമൂലം ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം എന്ന ആശയം വിജയം കാണാത്ത നിലയാണുള്ളത്. ഗ്രാമപഞ്ചായത്തിൽ തന്നെ പ്രസ്തുത പദ്ധതിയ്ക്ക് അനുയോജ്യമായ ദീർഘദൂരയാത്രികർ നിരന്തരം ഉപയോഗിക്കുന്ന MC റോഡ്, വാളകം-ചെങ്ങമനാട് റോഡ് തുടങ്ങി ഒട്ടേറെ സ്ഥലങ്ങൾ ഉണ്ടായിട്ടും നിർമ്മാണത്തിനായി അപ്രസക്തമായ സ്ഥലം തിരഞ്ഞെടുത്തത് പദ്ധതി ആസൂത്രണത്തിലെ പിഴവായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ പദ്ധതിയുടെ ഫലപ്രാപ്തി കൂടി കണക്കിലെടുക്കേണ്ടതാണ്. നിലവിലെ സാഹചര്യം പൊതുപണത്തിന്റെ വിനിയോഗത്തിലെ പോരായ്മയായി നിരീക്ഷിക്കുന്നു. അടിയന്തിരമായി ടേക്ക് എ ബ്രേക്ക്

വിശ്രമകേന്ദ്രം തുറന്ന്പ്രവർത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ സത്വര ശ്രദ്ധ ഇതിൽ ഉണ്ടാകേണ്ടതാണ്.




ഓഡിറ്റ് അന്വേഷണം നം – 16/16-12-2023

1-20 വില നൽകിയിട്ടും 1,50,000/- രൂപയുടെ മരുന്നുകൾ / മെഡിക്കൽ ഉപകരണങ്ങൾ ലഭിച്ചില്ല.

| | | |
|---|---|---|
| പ്രോജക്ട് | 44/2022-23<br>പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ | 43/2022-23<br>സാന്ത്വന പരിചരണം |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ |
| വകയിരുത്തിയ ഫണ്ട് /തുക | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്- 2,50,000/- രൂപ | വികസന ഫണ്ട് ജനറൽ -<br>6,52,000/- രൂപ<br>തനത് ഫണ്ട് – 98,000/- രൂപ |
| ചെലവഴിച്ച തുക | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്- 2,50,000/- രൂപ | വികസന ഫണ്ട് ജനറൽ -<br>6,52,000/- രൂപ<br>തനത് ഫണ്ട് – 98,000/- രൂപ |
| ബിൽ നം /തീയതി /തുക | 197/23-11-2022 = 50,000/- രൂപ | 181/05-11-2022 = 1,00,000/- രൂപ |
| ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകളുടെ മൂല്യം / വിതരണം ചെയ്യേണ്ട സ്ഥാപനം | 50,000/- രൂപ /<br>ഇൻ ഹൌസ് ഡ്രഗ്സ് ബാങ്ക് | 1,00,000/- രൂപ<br>മെഡിക്കൽ ഉപകരണങ്ങൾ /KMSCL |

ലഭ്യമാകാത്ത മരുന്നുകളുടെ / മെഡിക്കൽ ഉപകരണങ്ങളുടെ വിലയായ 1,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് / മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി – 9/16-12-2023
തടസ്സപ്പെടുത്തിയ തുക – 1,50,000/- രൂപ

1-21 ലോഗ് ബുക്ക് പ്രകാരം ഫ്യൂവൽ വിനിയോഗത്തിൽ ഉൾപ്പെടാത്ത ഫ്യൂവൽ ബില്ലിന് 5,315/- രൂപ അനുവദിച്ചു - ചെലവ് നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 91/2022-23<br>ആംബുലൻസ് പരിപാലനം – ഡ്രൈവറുടെ വേതനം |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| വകയിരുത്തിയ ഫണ്ട് /തുക | തനത് ഫണ്ട് – 7,58,999/- രൂപ |
| ചെലവഴിച്ച തുക | തനത് ഫണ്ട് – 7,58,999/- രൂപ |
| ചെക്ക് നം /തീയതി /തുക | 555050 തീ. 03-09-2022 = 69,171/- രൂപ |

വെട്ടിക്കവല പി.എച്ച്.സിയിലെ ആംബുലൻസ് നം. KL 02 BQ 3933-ന് 07/2022-ൽ ലോഗ് ബുക്ക് / ഫ്യൂവൽ അബ്സ്ട്രാക്ട് എന്നിവ പ്രകാരം 384.07 ലിറ്റർ ഡീസലാണ് പർച്ചേസ് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത കണക്കിൽ ഉൾപ്പെടാത്ത 55.47 ലിറ്റർ ഡീസൽ വാങ്ങിയതിന് 5,315/- രൂപ ഷീബ ഫ്യൂവൽസിന്റെ ഇൻവോയ്സ് നം. 770/17.07.2022-ന്റെ അടിസ്ഥാനത്തിൽ ചെക്ക് നം. തീ 03.09.2022 പ്രകാരം അനുവദിച്ചിട്ടുണ്ട്. 17.07.2022 ൽ ലോഗ് ബുക്കിൽ ഉൾപ്പെടാത്ത ഫ്യൂവൽ പർച്ചേസിന് തുക അനുവദിച്ചതിന്

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/16.12.2023) മറുപടി ലഭ്യമാക്കിയില്ല. ഈസാഹചര്യത്തിൽ 5,315/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും തിരികെ ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 10/16.12.2023

നിരാകരിച്ച തുക – 5,315/- രൂപ

1-22 പ്രവൃത്തികൾ പൂർത്തീകരിച്ചില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ സൂചിപ്പിക്കുന്ന നിക്ഷേപ പ്രവൃത്തികൾ പ്രകാരം, അതാത് പദ്ധതിയ്ക്കായി നിർവ്വഹണ ഏജൻസി തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് പ്രകാരം തുക നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികളുടെ പൂർത്തീകരണത്തിന്റേയും തുകയുടെ വിനിയോഗവിവരത്തിന്റേയും വിവരങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടതിൻ പ്രകാരം നിക്ഷേപ പ്രവൃത്തികൾ എല്ലാം പൂർത്തീകരിച്ചിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി. 2022-23-ൽ തുക നൽകിയിട്ടും നാളിതു വരെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ ചുവടെ സൂചിപ്പിക്കുന്ന നിക്ഷേപ പ്രവൃത്തികൾക്കായി നടത്തിയ 22,81,741/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ/<br>പേര് | ഫണ്ട് | ചെലവ് തുക ₹/<br>ബിൽ നം. / തീയതി | പ്രവൃത്തി ഏറ്റെടുത്ത സ്ഥാപനം | തുകയുടെ വിനിയോഗ വിവരം |
|---|---|---|---|---|---|
| 1 | 300/23- നേർവഴിയിൽ നാട്ടം നദിയും- കുര്യാണി ഏലാ തോട് ആഴം കൂട്ടലും പാർശ്വ ഭിത്തി നിർമ്മാണവും | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5,50,000/-<br>499/16-03-23 | മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | ലഭിച്ചിട്ടില്ല |
| 2 | 298/22- നേർവഴിയിൽ നാട്ടം നദിയും - തെറ്റിയോട് തോട് ആഴം കൂട്ടലും പാർശ്വഭിത്തി നിർമ്മാണവും | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7,90,000/-<br>497/16-03-2023 | മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | ലഭിച്ചിട്ടില്ല |
| 3 | 299/22 - നേർവഴിയിൽ നാട്ടം നദിയും -തലച്ചിറ അനവാതുക്കൽ തോട് ആഴം കൂട്ടലും പാർശ്വ ഭിത്തി നിർമമാണവും | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8,50,000/-<br>498/16-03-2023 | മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | ലഭിച്ചിട്ടില്ല |
| 4 | 116/23 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | തനത് ഫണ്ട് 98,842/- | 1)50,443/- വൗച്ചർ നം- 22100738/ 17-11-2022<br>2)41,298/-<br>വൗച്ചർ നം- 22101005/ 04-02-2023 | കെ.എസ്.ഇ.ബി | ലഭിച്ചിട്ടില്ല |
| | | ആകെ | 22,81,741/- | | |

പ്രവൃത്തികൾ പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 11/17-12-23

തടസ്സപ്പെടുത്തിയ തുക – 22,81,741/- രൂപ

1-23 ബെയ്‌ലിംഗ് മെഷീൻ വാങ്ങിയെങ്കിലും സ്ഥാപിച്ച് പ്രവർത്തിപ്പിക്കാനായില്ല.

കക്കോട് എം.സി.എഫിലേയ്ക്ക് വാങ്ങിയ ബെയ്‌ലിംഗ് മെഷീൻ നാളിതു വരെ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചില്ല.

എം.സി.എഫ്.ലേക്ക് 25 ടൺ കപ്പാസിറ്റിയുള്ള ബെയ്‌ലിംഗ് മെഷീൻ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ലിമിറ്റഡ് എന്ന അക്രഡിറ്റഡ് ഏജൻസീസിൽ നിന്നും ഇൻവോയ്സ് നം. TVMBC-361/21-22/30-03-22 പ്രകാരം വാങ്ങി. പ്രോജക്ട് നം. 33/23 പ്രകാരം സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതിയിൽ ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും 5,49,899/- രൂപ (വൗച്ചർ നം. 220052/29-09-22 / ചെക്ക് നം. 158898/29-09-22) ചെലവഴിച്ച വാങ്ങിയ മെഷീൻ തികച്ചും അലക്ഷ്യമായി മാലിന്യങ്ങൾക്കിടയിൽ ഉപേക്ഷിച്ചിരിക്കുന്നതായി സ്ഥല പരിശോധനയിൽ ഓഡിറ്റിന് ബോധ്യപ്പെട്ടു.

ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കാനായി ഉദ്ദേശിച്ചിരുന്ന കോക്കാട് മാർക്കറ്റിൽ പ്രവർത്തിക്കുന്ന എം.സി.എഫിൽ നാളിതു വരെ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. 2022-23 സെപ്റ്റംബറിന് മുമ്പായി ലഭ്യമാക്കിയ ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള സ്ഥല സൌകര്യം (ഉയരം) പഞ്ചായത്ത് നിർമ്മിച്ചിട്ടുള്ള എം.സി.എഫ്. ഷെഡിൽ ഇല്ല.

എം.സി.എഫിൽ സ്ഥാപിക്കാൻ കഴിയുമെന്ന് ഉറപ്പുവരുത്താതെയും വൈദ്യുതി കണക്ഷൻ ലഭ്യമാക്കാതെയും മെഷീൻ വാങ്ങുന്നതിന് പദ്ധതി പണം ചെലവഴിച്ചത് ഗുരുതരമായ വീഴ്ചയാണ്. മേൽ സാഹചര്യത്തിൽ മെഷീൻ വാങ്ങുന്നതിനായി നടത്തിയ 5,49,899/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മെഷീൻ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 12/17-12-23

തടസ്സപ്പെടുത്തിയ തുക – 5,49,899/- രൂപ

1-24 കയറ്റിറക്ക് കൂലി 7,549/- രൂപ അനുവദിച്ചതിന് ആധാരമായ ഭക്ഷ്യോത്പന്നങ്ങൾ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് | 71/2022-23 അംഗൻവാടി പോഷകാഹാര വിതരണം |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് |
| വകയിരുത്തിയ ഫണ്ട് /തുക | വികസന ഫണ്ട് (ജനറൽ) – 9,00,000/- രൂപ<br>ബ്ലോക്ക് പഞ്ചായത്ത് – 1,00,000/- രൂപ |
| ചെലവഴിച്ച തുക | വികസന ഫണ്ട് (ജനറൽ) - 7,92,096/- രൂപ<br>ബ്ലോക്ക് പഞ്ചായത്ത് – 0 |

മേൽ പദ്ധതിയുടെ ഭാഗമായി വിവിധ ഭക്ഷ്യോത്പന്നങ്ങൾ 36 അംഗൻവാടികളിൽ എത്തിക്കുന്നതിന് ട്രഷറി ബിൽ നം. 15/13-12-2022 പ്രകാരം ശ്രീ. ജോസ്. ടി. എന്ന കരാറുകാരന് 19,207/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ചെലവ് രേഖകൾ പരിശോധിച്ചതിൽ സപ്ലൈകോയുടെ 31/08/2022 ലെ ഇൻവോയ്സ് നം. 22174 പ്രകാരം 3331 കിലോ ഭക്ഷ്യോത്പന്നങ്ങൾ വിതരണം നടത്തിയതിന്റേയും ആയതിന്റെ വിതരണ ചാർജ്ജ് ഇനത്തിൽ 11,658/- രൂപ കണക്കാക്കിയതിന്റേയും രേഖകളാണ് ബില്ലിനൊപ്പം ഉള്ളത്. 7,549/- (19207-11658) രൂപ അനുവദിച്ചതിന് ആധാരമായ ഭക്ഷ്യോത്പന്നങ്ങൾ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 7,549/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ തുകയ്ക്ക് ഭക്ഷ്യോത്പന്നങ്ങൾ വാങ്ങിയതിന്റേയും സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റേയും രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 15/18-12-2023
തടസ്സപ്പെടുത്തിയ തുക – 7549/- രൂപ

1-25 ഹരിതകർമസേന - പ്രവർത്തനാവലോകനം

21 വാർഡുകളിലായി 42 ഹരിതകർമ്മ സേനാംഗങ്ങളാണ് പ്രവർത്തിച്ചു വരുന്നത്. എല്ലാ മാസവും ഒന്നാം തീയതി മുതൽ പത്താം തീയതി വരെ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നു. പഞ്ചായത്തിൽ ഒരു എം.സി.എഫും 21 മിനി എം.സി.എഫ് കളും സ്ഥാപിച്ചിട്ടുണ്ട്. 1000 സ്ക്വയർഫീറ്റ് വിസ്തൃതിയുള്ള എംസിഎഫിൽ വെയിംഗ് മെഷീൻ, ഫയർ എക്സ്റ്റിംഗ്വഷർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. 3 ഫെയ്സ് വൈദ്യുത കണക്ഷന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. മെയിൻ ലൈനിൽ നിന്നും 60 മീറ്റർ ലൈൻ വലിക്കേണ്ടതുള്ളതിനാൽ വൈദ്യുത കണക്ഷൻ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു. വൈദ്യുത കണക്ഷൻ ലഭിക്കുന്ന മുറയ്ക്ക് മെഷീൻ പ്രവർത്തനക്ഷമമാക്കാൻ കഴിയും. സ്ത്രീ സൗഹൃദ ടോയ്‌ലറ്റ്, ഫാൻ, ലൈറ്റ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. പ്ലാസ്റ്റിക്ക് മാലിന്യം തരംതിരിക്കുന്നതിനുള്ള സോർട്ടിംഗ് ടേബിൾ മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് 2023-24ൽ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്.

എല്ലാ മാസവും ഒന്നാം തീയതി മുതൽ പത്താം തീയതി വരെയാണ് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ മിനി എംസിഎഫിൽ സൂക്ഷിച്ച് 11-ാം തീയതി മുതൽ 15-ാം തീയതി വരെ സെഗ്രിഗേറ്റ് ചെയ്ത് 16-ാം തീയതിയോടു കൂടി എംസിഎഫിൽ എത്തിച്ച് സി.കെ.സി.ക്ക് കൈമാറുന്നു. നിലവിലുള്ള എംസിഎഫിന് സ്ഥലപരിമിതി ഉള്ളതിനാൽ പ്ലാസ്റ്റിക്ക് ഇതര മാലിന്യങ്ങൾ ശേഖരിക്കുന്നില്ല. 2023-24 ൽ ഇതുവരെയായി 19300 കിലോഗ്രാം പ്ലാസ്റ്റിക് സി.കെ.സി ക്ക് നൽകിയിട്ടുണ്ട്. 70 ശതമാനം യൂസർഫീ സമാഹരണം (5 വാർഡുകളിൽ 100 ശതമാനം) കൈവരിക്കാനും കഴിഞ്ഞിട്ടുണ്ട്.

നിർദ്ദേശങ്ങൾ

1) പ്ലാസ്റ്റിക്കിന്റെ ദുരുപയോഗം കുറയ്ക്കാൻ പ്രചാരണ പ്രവർത്തനങ്ങളും ബോധവൽക്കരണവും നടത്തണം.

2) ക്ലസ്റ്റർ അടിസ്ഥാനത്തിൽ മിനി എംസിഎഫ് സ്ഥാപിക്കുകയും നിലവിലുള്ളവ വിപുലീകരിക്കുകയും വേണം.

3) ഹരിത കർമ്മസേനയ്ക്ക് ഓഫീസ് സൗകര്യം ഒരുക്കണം.

4) പ്ലാസ്റ്റിക്ക് മാലിന്യം തരംതിരിക്കുന്നതിനുള്ള സോർട്ടിംഗ് ടേബിൾ മറ്റ് ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

5) MCF പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

6) ബെയിലിംഗ് യൂണിറ്റ് വാങ്ങിയിട്ടുണ്ടെങ്കിലും നാളിതുവരെ ഇൻസ്റ്റാൾ ചെയ്തിട്ടില്ല. മെഷീൻ പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

7) വ്യാപാരി വ്യവസായികളുടെ വിറ്റുവരവിനു അനുസൃതമായി യൂസർഫീ ഈടാക്കുന്നതിനായി ഹരിതമിത്രം ആപ്പിൽ മാറ്റം വരുത്തുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

8) സ.ഉ.(സാധാ)നം.1496/2020/തസ്വഭവ തീ. 12-08-2020 പ്രകാരമുള്ള ഹരിതകർമസേന പ്രവർത്തന മാർഗരേഖ വിഭാവനം

ചെയ്യും വിധം ഹരിതകർമസേനയുടെ സംരംഭക സാധ്യതകൾ (ഖ-13 കാണുക) പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

9) ഹരിതകർമസേന കലണ്ടർ പ്രകാരം കൃത്യമായി മാലിന്യങ്ങൾ നീക്കം ചെയ്യപ്പെടുന്നുണ്ടെന്നും യഥാസമയം ഏജൻസികൾക്ക് കൈമാറുന്നുവെന്നും ഉറപ്പാക്കേണ്ടതാണ്.

10) MLP, LEGACY മാലിന്യങ്ങൾ എല്ലാ മാസവും നീക്കം ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

*നിലവിലെ MCF ന്റെ ചിത്രം- മാലിന്യങ്ങൾ നീക്കംചെയ്യാത്ത നിലയിൽ*



1-26 ഗുണഭോക്താക്കൾ ഗ്രോബാഗുകൾ നേരിട്ട് വാങ്ങുന്നു എന്ന് ഉറപ്പാക്കുന്നില്ല.

| | | |
|---|---|---|
| പ്രോജക്ട് | 126/2022-23<br>ജൈവ പച്ചക്കറി കൃഷി വനിത | 86/2022-23<br>ജൈവ പച്ചക്കറി കൃഷി വനിത<br>സ്പിൽ ഓവർ |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ | കൃഷി ഓഫീസർ |
| വകയിരുത്തിയ ഫണ്ട് /തുക | വികസന ഫണ്ട് ജനറൽ - ₹19,63,200<br>ഗുണഭോക്തൃ വിഹിതം (നേരിട്ട്) – ₹ 16,48,270 | വികസന ഫണ്ട് ജനറൽ – ₹ 1,05,749<br>ഗുണഭോക്തൃ വിഹിതം – ₹ 4,41,500 |
| ചെലവഴിച്ച തുക | വികസന ഫണ്ട് ജനറൽ - ₹ 15,94,000 | വികസന ഫണ്ട് ജനറൽ - ₹ 1,05,749 |

ജൈവ പച്ചക്കറി കൃഷി എന്ന പ്രോജക്ടിൽ ഗ്രോബാഗ്, വിത്ത് കിറ്റ്, ജൈവവളം, വേപ്പിൻ പിണ്ണാക്ക്, ജൈവകീടനാശിനി, കുമ്മായം എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതനുസരിച്ച് വിത്ത് കിറ്റ് സ്ഥാപനം നേരിട്ട് വാങ്ങി നൽകും. കർഷകർ നേരിട്ട് വാങ്ങുന്ന ജൈവവളം, വേപ്പിൻ പിണ്ണാക്ക്, ജൈവകീടനാശിനി, കുമ്മായം എന്നീ ഘടകങ്ങൾക്ക് സബ്സിഡി തുക പണമായി നൽകുന്നതാണ്. ഗ്രോബാഗ് 50% കർഷകർ നേരിട്ട് വാങ്ങുകയും 50% സ്ഥാപനം നേരിട്ട് വാങ്ങി നൽകുകയും ചെയ്യുന്നു. പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ സ്ഥാപനം നേരിട്ട് വാങ്ങി നൽകുന്ന ഗ്രോബാഗുകളുടെ ബില്ലുകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. കർഷകർ നേരിട്ട് വാങ്ങുന്ന ഗ്രോബാഗുകളുടെ ബില്ലുകൾ ഫയലിൽ സൂക്ഷിക്കാത്തതിനാൽ ഗുണഭോക്തൃ വിഹിതം ചെലവഴിക്കപ്പെട്ടു എന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. പദ്ധതിയുടെ ചെലവ് വിവരം ചുവടെ കൊടുക്കുന്നു.

1. ജൈവ പച്ചക്കറി കൃഷി വനിത (126/2022-23 )

ആകെ യൂണിറ്റ് – 1227

1 യൂണിറ്റിൽ 20 ഗ്രോബാഗുകൾ (HDPE) ആണുള്ളത്. 50/- രൂപ നിരക്കിൽ, 10 ഗ്രോബാഗ് സ്ഥാപനം നേരിട്ട് വാങ്ങി നൽകുന്നു, 10 ഗ്രോബാഗ് കർഷകർ നേരിട്ട് വാങ്ങുന്നു. KAICO നീലേശ്വരം എന്ന സ്ഥാപനത്തിന്റെ 12/01/2023 ലെ Q/826 നം ബില്ല് പ്രകാരം 5000 ഗ്രോബാഗ് വാങ്ങുന്നതിന് ചെലവായ 2,50,000/- രൂപ ട്രഷറി ബില്ല് നം. 12/ 24-01-2023 പ്രകാരവും, 14/02/2023 ലെ Q/1128/2022-23 നമ്പർ ബില്ല് പ്രകാരം 5000 ഗ്രോബാഗ് വാങ്ങുന്നതിന് ചെലവായ 2,50,000/- രൂപ ട്രഷറി ബില്ല് നം. 20/02-03-2023 പ്രകാരവും ആകെ 10000 ഗ്രോബാഗിന് 5,00,000/- രൂപ ചെലവഴിച്ചു. ഇതിന് ആനുപാതികമായി 5,00,000/- രൂപ ഗ്രോബാഗ് വാങ്ങുന്നതിന് കർഷകർ ചെലവഴിച്ചിട്ടുണ്ട് എന്ന് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/18-12-2023) ലഭ്യമാക്കിയ മറുപടിയിൽ കർഷകർ നേരിട്ട് വാങ്ങിയ വിവരം അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും ആയത് സാക്ഷ്യപ്പെടുത്തുന്നതായും മറുപടി ലഭ്യമാക്കി. ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ ഒടുക്കു വരാത്ത സാഹചര്യത്തിൽ പദ്ധതിയിൽ കർഷകരുടെ സാമ്പത്തിക പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും ചെലവ് സബ്സിഡി മാനദണ്ഡങ്ങളിൽ നിജപ്പെടുത്തുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനും ബില്ലുകൾ കൂടി ഫയലിനോപ്പം ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

2. ജൈവ പച്ചക്കറി കൃഷി വനിതസ്പിൽ ഓവർ. 286/2022-23

ആകെ യൂണിറ്റ് – 1227

2022-23 ൽ സ്പിൽ ഓവർ പ്രോജക്ടായി നടപ്പാക്കിയ മേൽ പദ്ധതിയുടെ ഓഡിറ്റിന് ലഭ്യമായ ഫയൽ പരിശോധിച്ചതിൽ കൃഷി വിജ്ഞാനകേന്ദ്രം, എന്ന സ്ഥാപനത്തിന്റെ 10/03/2022 ലെ 414/K/000089/21-22 ബില്ല് പ്രകാരം 1611 ഗ്രോബാഗുകൾ 13.50 രൂപ നിരക്കിൽ വാങ്ങുന്നതിന് ചെലവായ 21,749/- രൂപ ട്രഷറി ബില്ല് നം. 04/ 18-05-2022 പ്രകാരവും, ജൈവവളം, വേപ്പിൻ പിണ്ണാക്ക്, ജൈവകീടനാശിനി, കുമ്മായം എന്നീ ഘടകങ്ങളുടെ സബ്സിഡി ഇനത്തിൽ 19 പേർക്ക് 1,200/- രൂപ നിരക്കിൽ, ട്രഷറി ബില്ല് നം. 05/ 18-05-2022 പ്രകാരം 22,800/- രൂപയും ട്രഷറി ബില്ല് നം. 06/ 18-05-2022 പ്രകാരം 51 പേർക്ക് 61,200/- രൂപയും ഉൾപ്പടെ ആകെ 1,05,749/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് രേഖ പരിശോധിച്ചതിൽ 1611 ഗ്രോബാഗുകൾ വാങ്ങിയതിന് ഗുണഭോക്തൃവിഹിതം ചെലവഴിച്ചതിന്റെ വിവരം ഫയലില്ല.

2021-22 ൽ പദ്ധതിക്കായി ചെലവഴിച്ച വിവിധ ഘടകങ്ങളുടെ വിവരവും സ്പിൽ ഓവർ പ്രോജക്ടിൽ 70 ഗുണഭോക്താക്കൾക്ക് 1,200/- രൂപ വീതം സബ്സിഡി തുകയും 1611 ഗ്രോബാഗുകൾ വാങ്ങുന്നതിനുള്ള തുകയും അനുവദിക്കേണ്ട സാഹചര്യവും വ്യക്തമാക്കാനും 2021-22 ചെലവ് വിവരം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/18-12-2022) 1 യൂണിറ്റിന് 13.5 രൂപ നിരക്കിൽ 22 ഗ്രോബാഗുകൾ കർഷകൻ നേരിട്ട് വാങ്ങുന്നതിന് 300 രൂപ ചെലവഴിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തുന്നു എന്നും 22 ഗ്രോബാഗുകൾ സ്ഥാപനം നേരിട്ട് വാങ്ങി നൽകുന്നതിന് പദ്ധതി വിഹിതം ചെലവഴിക്കുന്നതായും, മറ്റ് ഘടകങ്ങളുടെ സബ്സിഡി ഇനത്തിൽ 1,200/- രൂപ പണമായ് അനുവദിച്ചു എന്നും 1611 ഗ്രോബാഗുകൾ 73 ഗുണഭോക്താക്കൾക്ക് 2021-22 ൽ വിതരണം ചെയ്തതായും 70 പേർക്ക് 1,200/- രൂപ വീതവും 2022-23 ൽ ചെലവഴിച്ചതായും മറുപടി ലഭ്യമാക്കി.

ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ ഒടുക്ക് വരാത്ത സാഹചര്യത്തിൽ കർഷകരുടെ സാമ്പത്തിക പങ്കാളിത്തം ഉറപ്പാക്കുന്നതിനും ഇപ്രകാരമുള്ള വാങ്ങലുകൾ നടന്നു എന്നും ചെലവ് തുക സബ്സിഡി മാനദണ്ഡങ്ങളിൽ നിജപ്പെടുത്തുന്നു എന്നും ഉറപ്പ് വരുത്തുന്നതിനും ബില്ലുകൾ കൂടി ഫയലിനോപ്പം ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതും സ്പിൽ ഓവർ പദ്ധതി ഫയലിൽ മുൻവർഷ ചെലവ് വിശദാംശങ്ങൾ ഉൾപ്പെടുത്തി ഫയൽ പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-27 ഇ-ടെണ്ടർ ഫോം വിറ്റ് വരവ് ക്രഡിറ്റ് ആയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യുമ്പോൾ ലഭിക്കുന്ന ടെണ്ടർ ഫാറവില അക്കൗണ്ട് ചെയ്യപ്പെടുന്നത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ കൊട്ടാരക്കര ശാഖയിലെ 37671359698 നമ്പർ അക്കൗണ്ടിലേക്കാണ്. പരിശോധനയ്ക്ക് ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 22-08-2023 ൽ 2,53,145/- രൂപ അക്കൗണ്ടിൽ നീക്കിബാക്കിയുണ്ട്. ബാങ്ക് അക്കൗണ്ടിന്റെ മാനദണ്ഡ പ്രകാരം അക്കൗണ്ടിൽ സൂക്ഷിക്കേണ്ട മിനിമം ബാലൻസ് തുക കിഴിച്ച് ബാക്കി തുക അടിയന്തിരമായി പഞ്ചായത്ത് അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-28 വാഹന വാടക - ഉയർന്ന നിരക്കിലുള്ള ക്വട്ടേഷൻ അംഗീരിച്ചു.

| | |
|---|---|
| പ്രോജക്ട് | 209/2022-23<br>അസി. എഞ്ചിനീയറുടെ ഓഫീസിലെ വാഹനം വാടക |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| വകയിരുത്തിയ ഫണ്ട് /തുക | വികസനഫണ്ട് – ₹ 77,931/-<br>തനത് ഫണ്ട് – ₹ 72,690/-<br>ആകെ – ₹ 1,50,621/- |
| ചെലവഴിച്ച<br>തുക | വികസനഫണ്ട് - ₹ 70,000/-<br>തനത് ഫണ്ട് – ₹ 70,000/-<br>ആകെ – ₹ 1,40,000/- |
| ബിൽ നം /തീയതി /തുക | ചെക്ക് നം. 5540473 തീ. 25-01-2023 = ₹ 35,000/-<br>ചെക്ക് നം. 559912 തീ. 21-03-2023 = ₹ 35,000/-<br>355/16-02-2023 = ₹ 35,000/-<br>630/29-03-2023= ₹ 35,000/- |

അസി. എഞ്ചിനീയറുടെ ഓഫീസിൽ വാഹനം വാടക ഇനത്തിൽ 2022-23 ൽ ആകെ 1,40,000/- രൂപ ചെലവഴിച്ചിട്ടുണ്ട് .

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 24-11-2022 ലെ 12(1) തീരുമാനം പ്രകാരം ശ്രീ. രാജേഷ് കുമാറിന്റെ ഉടമസ്ഥതയിലുള്ള KL 24 J 9955 എന്ന വാഹനം വാടകയ്ക്ക് എടുക്കുന്നതിന് പ്രതിമാസം 1500 കി.മീ.ന് 35,000/- രൂപ നിരക്കും 3 മാസം അധികമായി

ഓടുന്ന 4500 കി.മീ.ന് 19/- രൂപ നിരക്കം അംഗീകരിക്കുകയും 12/2022, 01/2023, 02/2023, 03/2023 മാസങ്ങളിലെ വാഹന വാടക ഇനത്തിൽ 35,000/- രൂപ വീതം 1,40,000/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിൽ വിവിധ തീയതികളിലെ ക്വട്ടേഷനുകളും, Web Saankhya ബില്ലുകളും മാത്രമാണുള്ളത്. ആയത് പരിശോധിച്ചതിലെ അപാകത ചുവടെ ചേർക്കുന്നു.

ശ്രീ. രാജേഷ് കുമാർ തന്റെ ഉടമസ്ഥതയിലുള്ള KL 24 J 9955 എന്ന വാഹനം പ്രതിമാസം 1500 കി.മീ 28,000/- രൂപ നിരക്കിലും 3 മാസം 4500 കീ.മീ അധികമായ ഓരോ കി.മീ.നും 18/- രൂപ നിരക്കിലും നല്കാം എന്ന് 01/09/2022 ലും, ശ്രീ. ആനന്ദ് തന്റെ ഉടമസ്ഥതയിലുള്ള KL 01 CE 1543 എന്ന വാഹനം പ്രതിമാസം 1500 കി.മീ 29,000/- രൂപ നിരക്കിലും 3 മാസം 4500 കീ.മീ അധികമായ ഓരോ കി.മീ.നും 19/- രൂപ നിരക്കിലും നൽകാം എന്ന് 31/08/2022 ലും, ശ്രീ. ഹാഷിം മോൻ. എച്ച്. തന്റെ ഉടമസ്ഥതയിലുള്ള KL 02 S 9955 എന്ന വാഹനം പ്രതിമാസം 1500 കി.മീ 28,500/- രൂപ നിരക്കിലും 3 മാസം 4500 കീ.മീ. അധികമായ ഓരോ കി.മീ.നും 20/- രൂപ നിരക്കിലും നല്കാം എന്ന് 28/08/2022 ലും അറിയിച്ചുകൊണ്ടുള്ള 3 ക്വട്ടേഷനുകൾ ഫയലിലുണ്ട്. എന്നാൽ മേൽപ്രകാരമുള്ളതിൽ കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിക്കാതെ ശ്രീ. രാജേഷ് കുമാറിന്റെ വാഹനം തന്നെ 05-11-2022 ലെ ഉയർന്ന നിരക്കിലുള്ള പുതിയ ക്വട്ടേഷൻ അംഗീകരിച്ച് വാടകക്കെടുക്കാനുള്ള കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/19-12-2023) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ KL 24 J 9955 വാഹനത്തിന് കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ ഉണ്ടായിരിക്കെ വീണ്ടും ക്വട്ടേഷൻ സ്വീകരിച്ച് ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം അധികം ചെലവഴിച്ച 28,000/- രൂപയുടെ (35000-28000)*4 ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ അപാകതയ്ക്ക് വ്യക്തമായ വിശദീകരണം നൽകി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 16/19-12-2023
തടസ്സപ്പെടുത്തിയ തുക – 28,000/- രൂപ

## 1-29 പൊതുടാപ്പുകൾ - സംയുക്ത പരിശോധന അനിവാര്യം

ലഭ്യമാക്കിയ രേഖകൾ പ്രകാരം 26 ടാപ്പുകൾക്കാണ് നിലവിൽ വാട്ടർ ചാർജ് അടയ്ക്കുന്നത്. തൻവർഷം 1,69,496/- രൂപ ഈ ഇനത്തിൽ KWA-യ്ക്ക് അടവാക്കിയിട്ടുണ്ട്. മുൻവർഷങ്ങളിൽ ശേഖരിച്ച വാർഡ്തലത്തിലുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് തുക അടവാക്കിവരുന്നത്. പൊതുടാപ്പുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരശേഖരണം നടത്തേണ്ടത് പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. വിവിധ വാർഡുകളിലെ പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ കൃത്യതയോടെ പരിപാലിക്കാത്ത സ്ഥിതിയാണുള്ളത്. വാർഡ്തലത്തിൽ പൊതുടാപ്പുകളെ സംബന്ധിച്ച രജിസ്റ്റർ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതും സംയുക്ത പരിശോധനയുടെ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-30 റ്റി.ഡി.എസ് കുറവ് വരുത്താതെ കരാറുകാരന് തുക അനുവദിച്ചു.

2017-ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം. 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ കൂടുതലായി കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. 30.07.2019 ലെ സർക്കുലർ നം 957/ഇ ജി എസ് സി /16/ആർ ഇ ജി എസ് പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിൽ കൂടുതാലാണെങ്കിൽ ജി.എസ്.ടി. 2% ഉത്ഭവത്തിൽ കുറവ് ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. 2021-22 ൽ നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികളിൽ ഇപ്രകാരം 2% ജി.എസ്.റ്റി., റ്റി.ഡി.എസ് ആയി ഈടാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിശദാംശം | റ്റി.ഡി.എസ് ആയി ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി (2%) |
|---|---|---|
| 1 | ഉളിയനാട് തെക്കേടത്ത് മൂലയ്യത്ത് റോഡ് കോൺക്രീറ്റിംഗ് (W -1)<br>RC/340522<br>കരാറുകാരൻ- ശ്രീ. മണി ജെ<br>മെറ്റീരിയലിന്റെ വില - 7,08,985/- രൂപ | 14,180/- രൂപ |
| 2 | ഉളിയനാട് ഈസ്റ്റ് ഇണ്ടിളയപ്പൻ നെടക്കോണം റോഡ് (W-2)<br>കോൺക്രീറ്റിംഗ് – RC/340524<br>കരാറുകാരൻ- ശ്രീ. മണി ജെ<br>മെറ്റീരിയലിന്റെ വില - 7,31,488/- രൂപ | 14,630/- രൂപ |
| 3 | സദാനന്ദപുരം പേരേത്തുകോണം കോട്ടൂർ റോഡ് കോൺക്രീറ്റിംഗ് (W-21)<br>RC/343687<br>കരാറുകാരൻ - ശ്രീ. മണി ജെ | 14, 461/- രൂപ |

| | | |
|---|---|---|
| | മെറ്റീരിയലിന്റെ വില - 7,23,065/- രൂപ | |
| 4 | ചിറക്കര ഭാഗം ഇരുവേലി റോഡ് നിർമ്മാണം (W-4)<br>RC/345655<br>കരാറുകാരൻ - ശ്രീ. മണി ജെ<br>മെറ്റീരിയലിന്റെ വില - 5,36,802/- രൂപ | 10,736/- രൂപ |
| 5 | ഇരണ്ടൂർ കുന്നത്ത് ഇടപ്പറമ്പ് റോഡ്<br>കോൺക്രീറ്റിംഗ് (W-20)– RC/346130<br>കരാറുകാരൻ - ശ്രീ. മണി ജെ<br>മെറ്റീരിയലിന്റെ വില - 7,79,334/- രൂപ | 15,587/- രൂപ |
| 6 | കോക്കാട് നോർത്ത് തെങ്ങറ മണ്ണാംകോണം റോഡ്<br>കോൺക്രീറ്റിംഗ് (W-13) – RC/341681<br>കരാറുകാരൻ - ശ്രീ. സാമുവൽ ഡി<br>മെറ്റീരിയലിന്റെ വില - 7,58,504/- രൂപ | 15,170/- രൂപ |

30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി കുറവ് ചെയ്യുന്നതിനുള്ള സൗകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി തുക സപ്ലെയർ ഗ്രാമപഞ്ചായത്തിൽ നേരിട്ടടയ്ക്കുന്നുവെന്ന് ഉറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും അങ്ങനെ അടക്കുന്ന ജി.എസ്.റ്റി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി വകുപ്പിൽ യഥാസമയം അടവാക്കണമെന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർക്കാരിന് ടാക്സ് ഇനത്തിൽ സംഭവിച്ച നഷ്ടം കരാറുകാരിൽ നിന്നും ഈടാക്കി ജി.എസ്.ടി വകുപ്പിൽ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 02/15.12.2023

1-31 ഹൈമാസ്റ്റ് - മിനിമാസ്റ്റ് ലൈറ്റുകൾ അറ്റകുറ്റപ്പണി - ക്വട്ടേഷനും ബില്ലും പൊരുത്തപ്പെടുന്നില്ല - 45,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം- | 80/23<br>ഹൈമാസ്റ്റ്- മിനിമാസ്റ്റ് ലൈറ്റുകൾ അറ്റകുറ്റപ്പണി |
| ഫണ്ട് | തനത് ഫണ്ട് – 45,000/- രൂപ<br>ചെലവ് – 45,000/- രൂപ |
| കരാറുകാരൻ | ശ്രീ. പി. അശോകൻ |
| ചെലവ് അംഗീകരിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനം | 21/03/22ലെ 10(1) |

ചിരട്ടക്കോണം, സദാനന്ദപുരം, കടുവാപ്പാറ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള ഹൈമാസ്റ്റ്- മിനിമാസ്റ്റ് ലൈറ്റുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളതും 2020-21 ൽ അംഗീകാരം ലഭിച്ചതുമായ 145/21 നമ്പർ പദ്ധതി പ്രോജക്ട് നം. 80/23 പ്രകാരം സ്പിൽ ഓവർ പദ്ധതിയായി തൻവർഷം നടപ്പിലാക്കി. എൽ.എസ്.ജി.ഡി പാനൽ എഞ്ചിനീയർമാർ തയ്യാറാക്കിയ എസ്റ്റിമേറ്റും, കരാറുകാരൻ നൽകിയ ക്വട്ടേഷനിൽ ഉൾപ്പെടുത്തിയ ഇനങ്ങളും ക്വാട്ട് ചെയ്ത തുകയും ചെക്ക് മെഷർ ചെയ്ത പ്രവൃത്തിയും കരാറുകാരൻ നടപ്പിലാക്കിയ പ്രവൃത്തിയുടെ രേഖകൾ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതും തമ്മിൽ യാതൊരു ബന്ധവുമില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

പട്ടിക 1. പാനൽ എഞ്ചിനീയർമാർ തയ്യാറാക്കിയ എസ്റ്റിമേറ്റ്.

| Sl.No | ITEM | RATE | QUANTITY | AMOUNT |
|---|---|---|---|---|
| 1 | Supply, Conceyance, Installation Testing And Commissioning Of Drive Suitable For 150W LED Fittings Inplace Of Damaged Once | 940 | 9 | 8,460 |
| 2 | Supply Concevance, Installation Testing And Commissioning Of MCB Fittings Inplace Of Damaged Once | 219 | 1 | 219 |
| 3 | Supply And Renewing 32A 2 Pole Mini Break Isolator Inplace Of Damaged Once And Giving Connection | 342 | 1 | 342 |
| 4 | Supply , Conceyance Installation Testing And Commissioning Of Timer Control System Suitable For 200W LED Fittings Inplace Of Damaged Once | 2970 | 1 | 2,970 |
| 5 | Supply, Conceyance, Installation Testing And Commissioning Of 63 A, High AC-1 Contactor Suitable For 200W LED Fittings Inplace Of Damaged Once | 1875 | 1 | 1,875 |
| 6 | Supply, Laying And Clamping Of 1 No. PVC Insulated And PVC Sheathed Armoured Power Cable, 1.1 KV Grade Of 3 Core 25 Sa Mm Sizes And Giving Onection Etc As Required | 210 | 20 | 4,200 |
| 7 | 25 A 2 Pole 100 MA RCCB | 2845 | 1 | 2,845 |

| | | | | |
|---|---|---|---|---|
| 8 | Charges For Dismantling The Existing 9 To 10 Mts High Mast Light Fittings And Replacing The Damaged Accessories And Refitting The Same In Original Position Including Giving Connection, Trial Running Etc As Required | 4470 | 4 | 17,880 |
| 9 | Supply. Conceyance Installation Testing And Commissioning Of LED Panel Suitable For 150W LED Fittings Inplace Of Damaged Once | 1210 | 8 | 9,680 |
| 10 | TOTAL | | | 48,471 |
| | Charges For Preperation Of Estimate. Preperation Of Tender Documence, Supervision And Preperation Of Bill. 3% Of Estimate Amount | | | 1,454 |
| | Changes For Preperation Of Technical Sanction Report And Cheek Mearsument<br>1% Of Estimate Amount | | | 485 |
| | | | | 49,925 |

പട്ടിക 2. കരാറുകാരനായ ശ്രീ. പി. അശോകൻ ടെണ്ടറിൽ ക്വാട്ട് ചെയ്ത നിരക്കുകൾ ചുവടെ ചേർക്കുന്നു.

| Sl | Item | Amount |
|---|---|---|
| 1 | Price Of LED Drive | 820/- |
| 2 | Price Of LED Pannel - | 820/- |
| 3 | 40 A ELCB | 1,800 |
| 4 | 16 A MCB | 180/- |
| 5 | 2.5 Mm 3 Core Cable - | 45/- |
| 6 | 32A Fuse Unit - | 150/- |
| 7 | Repairing Charge With Component | 180/- |
| 8 | Dismantling And Refitting - | 780/- |
| 9 | Choke- | 1,500/- |
| 10 | Bulb- | 350/- |
| 11 | Ignitor- | 350/- |
| 12 | Capacitor- | 350/- |
| 13 | 60W LED- | 2,200/- |

പട്ടിക 3. പ്രവൃത്തി നടത്തിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ എം.ബുക്ക് 1/22-23 പേജ് നം 1 മുതൽ 5വരെയുള്ള അളവുകൾ ചെക്ക് മെഷർ ചെയ്ത് ബിൽ തയ്യാറാക്കിയതിന്റെ വിശദാംശം.

| Sl.No | ITEM | RATE | QUANTITY | AMOUNT |
|---|---|---|---|---|
| 1 | Supply, Conceyance, Installation Testing And Commissioning Of Drive Suitable For 150W LED Fittings Inplace Of Damaged Once | 940 | 9 | 8,460 |
| 2 | Supply Concevance, Installation Testing And Commissioning Of MCB Fittings Inplace Of Damaged Once | 219 | 1 | 219 |
| 3 | Supply And Renewing 32A 2 Pole Mini Break Isolator Inplace Of Damaged Once And Giving Connection | 342 | 1 | 342 |
| 4 | Supply , Conceyance Installation Testing And Commissioning Of Timer Control System Suitable For 200W LED Fittings Inplace Of Damaged Once | 2970 | 1 | 2,970 |
| 5 | Supply, Conceyance, Installation Testing And Commissioning Of 63 A, High AC-1 Contactor Suitable For 200W LED Fittings Inplace Of Damaged Once | 1875 | 1 | 1,875 |
| 6 | Supply, Laying And Clamping Of 1 No. PVC Insulated And PVC Sheathed Armoured Power Cable, 1.1 KV Grade Of 3 Core 25 Sa Mm Sizes And Giving Onection Etc As Required | 210 | 17 | 3,570 |
| 7 | 25 A 2 Pole 100 MA RCCB | 2845 | 1 | 2,845 |
| 8 | Charges For Dismantling The Existing 9 To 10 Mts High Mast Light Fittings And Replacing The Damaged Accessories And Refitting The Same In Original Position Including Giving Connection, Trial Running Etc As Required | 4470 | 4 | 17,880 |
| 9 | Supply. Conceyance Installation Testing And Commissioning Of LED Panel Suitable For 150W LED Fittings Inplace Of Damaged Once | 1210 | 8 | 9,680 |
| 10 | TOTAL | | | 47,841 |
| | ബിൽ സംഗ്രഹം | | | |
| | കരാറുകാരന് അനുവദിച്ച തുക | | | 42,630 |

| | | | | |
|---|---|---|---|---|
| | ആദായ നികുതി | | | 431 |
| | Charges For Preperation Of Estimate. Preperation Of Tender Documence, Supervision And Preperation Of Bill. 3% Of Estimate Amount | | | 1,454 |
| | Changes For Preperation Of Technical Sanction Report And Cheek Mearsument 1% Of Estimate Amount | | | 485 |
| | | | | 45,000/- |

പട്ടിക 4. കരാറുകാരൻ നൽകിയ ബില്ലും അനുബന്ധരേഖകളും പരിശോധിച്ച് ചെയ്ത പ്രവൃത്തി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Sl No | ITEM | Amount |
|---|---|---|
| 1 | Labour Charge For Dismantling & Refitting 4 Post @ 780/- | 3,120/- |
| 2 | Service Charge (Repairing Charge) 14 Light @ 180/ - | 2,520/- |
| 3 | LED Panel 10 Nos @820/ - | 8,200/- |
| 4 | LED Drive 34 Nos @ 820/- | 27,880/- |
| 5 | 3 Core Cable - 30 M @ 45/- | 1,350/- |
| 6 | TOTAL - | 43,070/- രൂപ |

ഓഡിറ്റിന് ലഭ്യമാക്കിയ മേൽ പ്രവൃത്തിയുടെ നിർവ്വഹരേഖകൾ പ്രകാരം കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവൃത്തിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റും (പട്ടിക- 1) മേൽ പ്രവൃത്തിക്കായി കരാറുകാരൻ നൽകിയ ക്വട്ടേഷനിലെ ഇനങ്ങളും (പട്ടിക-2) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2) അളവു പുസ്തകം പ്രകാരം നടത്തിയ പ്രവൃത്തിയും നിരക്കും (പട്ടിക-3) കരാറുകാരൻ നൽകിയ ക്വട്ടേഷനിലെ ഇനങ്ങളും (പട്ടിക-2) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3) അളവു പുസ്തകം പ്രകാരം നടത്തിയ പ്രവൃത്തിയും നിരക്കും (പട്ടിക-3) കറാറുകാരൻ നൽകിയ ബില്ലും അനുബന്ധരേഖകളും പരിശോധിച്ച് ടിയാൻ ചെയ്ത പ്രവൃത്തി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ വിവരവും (പട്ടിക-4) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4) 2020-21 ൽ (09-03-21ൽ) പൂർത്തിയാക്കിയ പ്രവൃത്തിയുടെ തുക അനുവദിച്ചിരിക്കുന്നത് 2022-23 ൽ മാത്രമാണ്. കാലതാമസത്തിന്റെ കാരണ ഫയലിൽ ഇല്ല.

മേൽ അപാകതകൾ നിമിത്തം പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണത്തിനായി നടത്തിയ 45,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം – 18/18-12-23

തടസ്സപ്പെടുത്തിയ തുക – 45,000/- രൂപ

## 1-32 ആംബുലൻസ് വരവ് - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം ആംബുലൻസ് വാഹന വാടക ഇനത്തിൽ RP-5 പത്രികയിൽ 150400101 ശീർഷകത്തിൽ 4,48,464/- രൂപ വരവുണ്ട്. എന്നാൽ മേൽ വരവുമായി ബന്ധപ്പെട്ട രസീതുകൾ തുക ഒടുക്കിയതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാനായി ഓഡിറ്റ് റിക്വിസിഷൻ 16-12-2023 മുഖേന ആവശ്യപ്പെട്ടെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-33 തെരുവ് വിളക്ക് അറ്റകുററപ്പണി- വാഹന വാടക നൽകിയതിനാധാരമായ ട്രിപ്പ് ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല, ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 215/23, തെരുവ് വിളക്ക് അറ്റകുറ്റപ്പണി -കൂലി (ഫണ്ട് അടങ്കൽ – 4,90,000/-, ചെലവ് – 37,30,499/-) എന്ന പദ്ധതി പ്രകാരം വാഹന വാടക ഇനത്തിൽ പ്രതിദിനം 520/- രൂപ നിരക്കിൽ 68 ദിവസത്തേയ്ക്ക് 35,360/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് (ചെക്ക് നം. 559947/31-03-23). എന്നാൽ വാഹനം ഉപയോഗിച്ച ദിവസങ്ങളിലെ ട്രിപ്പ് ഷീറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഏതെല്ലാം ദിവസങ്ങളിലാണ് വാഹനം ഓടിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയോ വാർഡ് മെമ്പർമാരോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാഹനവാടക ഇനത്തിൽ ചെലവഴിച്ച 35,360/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം – 15(എ)/18-12-2023

തടസ്സപ്പെടുത്തിയ തുക – 35,360/- രൂപ

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ലോഗ് ബുക്ക് പ്രകാരം ഫ്യൂവൽ വിനിയോഗത്തിൽ ഉൾപ്പെടാത്ത ഫ്യൂവൽ ബില്ലിന് 5,315/- രൂപ അനുവദിച്ചു - ചെലവ് നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 91/2022-23<br>ആംബുലൻസ് പരിപാലനം – ഡ്രൈവറുടെ വേതനം |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| വകയിരുത്തിയ ഫണ്ട് /തുക | തനത് ഫണ്ട് – 7,58,999/- രൂപ |
| ചെലവഴിച്ച തുക | തനത് ഫണ്ട് – 7,58,999/- രൂപ |
| ചെക്ക് നം /തീയതി /തുക | 555050 തീ. 03-09-2022 = 69,171/- രൂപ |

വെട്ടിക്കവല പി.എച്ച്.സിയിലെ ആംബുലൻസ് നം. KL 02 BQ 3933-ന് 07/2022-ൽ ലോഗ് ബുക്ക് / ഫ്യൂവൽ അബ്സ്ട്രാക്ട് എന്നിവ പ്രകാരം 384.07 ലിറ്റർ ഡീസലാണ് പർച്ചേസ് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത കണക്കിൽ ഉൾപ്പെടാത്ത 55.47 ലിറ്റർ ഡീസൽ വാങ്ങിയതിന് 5,315/- രൂപ ഷീബ ഫ്യൂവൽസിന്റെ ഇൻവോയ്സ് നം. 770/17.07.2022-ന്റെ അടിസ്ഥാനത്തിൽ ചെക്ക് നം. തീ 03.09.2022 പ്രകാരം അനുവദിച്ചിട്ടുണ്ട്. 17.07.2022 ൽ ലോഗ് ബുക്കിൽ ഉൾപ്പെടാത്ത ഫ്യൂവൽ പർച്ചേസിന് തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/16.12.2023) മറുപടി ലഭ്യമാക്കിയില്ല. ഈസാഹചര്യത്തിൽ 5,315/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും തിരികെ ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 10/16.12.2023

നിരാകരിച്ച തുക – 5,315/- രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 12-12-2023 | കെ.എസ്.എ/കെ.എൽ.എം/പി11/2250/23<br>27/12/2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 25,000 | 129/23 നെൽകൃഷി വികസനം | 25,000 | - |
| | | 3,75,000 | 64/23 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 3,75,000 | - |
| | | 8,10,000 | 65/23 ലൈഫ് ഫേസ്-3 – പട്ടികജാതി | 8,10,000 | - |
| | | 3,01,437 | 164/23 പാലിന് സബ്സിഡി | 3,01,437 | - |
| | | 9,60,000 | 67/23 ലൈഫ് ഫേസ്-3 | 9,60,000 | - |
| | | 4,00,000 | 70/23 അനുപൂരക പോഷകാഹാരം | 4,00,000 | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 86,814 | 70/23അനുപൂരക പോഷകാഹാരം | 86,814 | - |
| | | 2,90,000 | 56/23 ലൈഫ് ഫേസ്-2 – ജനറൽ | 2,90,000 | - |
| | | 2,20,000 | 56/23 ലൈഫ് ഫേസ്-2 –പട്ടികജാതി | 2,20,000 | - |

| | | | | |
|---|---|---|---|---|
| | 3,40,000 | 65/23 ലൈഫ് ഫേസ്-3 – പട്ടികജാതി | 3,40,000 | - |
| | 10,00,000 | 67/23 ലൈഫ് ഫേസ്-3 | 10,00,000 | - |
| | 1,38,000 | 78/23 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 1,38,000 | - |
| | 4,80,000 | 93/23 62-ാം നമ്പർ അങ്കണവാടി കെട്ടിടം | 4,80,000 | - |

## 4-3 നിക്ഷേപപ്രവൃത്തിക്ക നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റിയിടൽ (116/23) | വൗച്ചർ നം- 22100738/ 17-11-2022 | 50,443/- | 0 | 50,443/- |
| | | വൗച്ചർ നം- 22101005/ 04-02-2023 | 41,298/- | 0 | 41,298/- |
| മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | 300/23- നേർവഴിയിൽ നാട്ടം നദിയും-കര്യാണി ഏലാ തോട് ആഴം കൂട്ടലും പാർശ്വഭിത്തി നിർമ്മാണവും | 499/16-03-23 | 5,50,000/- | 0 | 5,50,000/- |
| | 298/23- നേർവഴിയിൽ നാട്ടം നദിയും-തെറ്റിയോട് ഏലാ തോട് ആഴം കൂട്ടലും പാർശ്വഭിത്തി നിർമ്മാണവും | 497/16-03-2023 | 7,90,000/- | 0 | 7,90,000/- |
| | 299/23- നേർവഴിയിൽ നാട്ടം നദിയും-കൊന്നക്കോട് തലച്ചിറ ഏലാ തോട് ആഴം കൂട്ടലും പാർശ്വഭിത്തി നിർമ്മാണവും | 498/16-03-2023 | 8,50,000/- | 0 | 8,50,000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 11,40,000/- രൂപ വരവുണ്ട്. തൻ വർഷം 41,00,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.
ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷ വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ(എം.എസ്) 111/18/13-08-2018 | 11,40,000/- | 4,62,09,386/- | 62,02,323/- | - | 4,11,47,063/- |

വായ്പ രജിസ്റ്ററിൽ ഒരോ സാമ്പത്തിക വർഷത്തിലെയും ലോൺ വരവിന്റേയും ഗുണഭോക്താക്കൾക്ക് ലോൺ തുക വിതരണം നടത്തിയതിന്റേയും വിവരങ്ങൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ്

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3-6 | 2006-07 | 3.11.7 | വഴിവിളക്ക് സ്ഥാപിക്കൽ – അപാകത | അക്കൗണ്ട്സ് കമ്മിറ്റിക്കു മുൻപായി സമർപ്പിച്ചിരിക്കുന്നു. |
| 2001-02 | 3-4 | 2006-07 | 3.11.7 | ലൈൻ എക്സ്റ്റൻഷൻ | |
| 2007-08 | 3-22 | 2010-11 | 5.4.2 | സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി SGRY പദ്ധതികൾക്ക് 31.03.08 ൽ അഡ്വാൻസ് നൽകി | |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 5,315/- | ഡോ. ലിജോ സി വിക്ടർ,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 1,50,000/- | ഡോ. ലിജോ. സി. വിക്ടർ<br>മെഡിക്കൽ ഓഫീസർ (പി എച്ച് സി) |
| 1-22 | 22,81,741/- | ശ്രീ. ജയദേവ്. ബി, സെക്രട്ടറി |
| 1-23 | 5,49,899/- | ശ്രീമതി. രശ്മി. എസ്, സെക്രട്ടറി |
| 1-24 | 7,549/- | ശ്രീമതി. സിന്ധു. ആർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-28 | 28,000/- | ശ്രീ. അശ്വിൻ ചന്ദ്, അസി. എഞ്ചിനീയർ |
| 1-31 | 45,000/- | ശ്രീമതി. രശ്മി. എസ്, സെക്രട്ടറി |
| 1-33 | 35,360/- | ശ്രീ. ജയദേവ്. ബി, സെക്രട്ടറി |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. രശ്മി. എസ്,<br>സെക്രട്ടറി | സെക്രട്ടറി,<br>കണ്ടറ ഗ്രാമപഞ്ചായത്ത് | ഉഷാര, തഴത്തല<br>കൊട്ടിയം |
| അശ്വിൻ ചന്ദ്,<br>അസി. എഞ്ചിനീയർ, | അസി. എഞ്ചിനീയർ,<br>വെട്ടിക്കവല ഗ്രാമപഞ്ചായത്ത് | ശ്രീഹരി<br>ഇടവട്ടം |

| | | |
|---|---|---|
| | | കാരുവേലിൽ. പി.ഒ<br>കൊല്ലം |
| ഡോ. ലിജോ. സി. വിക്ടർ<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, തലച്ചിറ പി.എച്ച്.സി<br>വെട്ടിക്കവല ഗ്രാമപഞ്ചായത്ത് | ഗ്രേസ് വില്ല<br>TC19/500<br>മുടവൻമുഗൾ<br>പൂജപ്പുര<br>തിരുവനന്തപുരം |
| ജയദേവ്. ബി<br>സെക്രട്ടറി | സെക്രട്ടറി<br>കൊറ്റംങ്കര ഗ്രാമപഞ്ചായത്ത് | കളീക്കൽ ഹൗസ്<br>കായംകുളം. പി.ഒ<br>പുതുപ്പള്ളി |
| സിന്ധു. ആർ<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ | വിരമിച്ചു | അശ്വതി ഭവൻ<br>കുളത്തൂർ. പി.ഒ<br>തിരുവനന്തപുരം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 1 |
| 1999-2000 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 2 |
| 2000-01 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 3 |
| 2001-02 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 4 |
| 2002-03 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 5 |
| 2003-04 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 9 |
| 2004-05 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 10 |
| 2005-06 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 18 |
| 2006-07 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | 12 |
| 2007-08 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | 13 |
| 2008-09 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | 18 |
| 2009-10 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | 16 |
| 2010-11 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | 15 |
| 2011-12 | കെ.എസ്.എ.കെ.എൽ.എം/പി-11/11-12/843/22/19-08-2022 | 12 |
| 2012-13&2013-14 | കെ.എസ്.എ.കെ.എൽ.എം/പി-11/12-13 & 13-14/843/22/19-08-2022 | 3 |
| 2014-15 | കെ.എസ്.എ/കെ.എൽ.എം/പി-11/ 14-15/843/22/19-08-2022 | 15 |
| 2015-16 | കെ.എസ്.എ/കെ.എൽ.എം/പി-11/15-16/843/22/19-08-2022 | 18 |
| 2016-17 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ എസ് എ . കെ എൽ എം -പി 11-757/2020; 06-08-20 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ എസ് എ . കെ എൽ എം -പി 11-375-22; 20.06.22 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ എസ് എ . കെ എൽ എം -പി 11-376-22; 25-07-2022 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ എസ് എ . കെ എൽ എം -പി 11-1989-22; 29-03-2023 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം , കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 22-07-2023 and submitted on 22-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Vettikavala Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vettikavala Grama Panchayat for the year 2022-2023

Date: 27/12/2023

Deputy Director
District Office Kollam
Kerala State Audit Department

**Audit Report appended to the Audit Certificate of Vettikavala Grama Panchayat for the Year 2022-2023 .**

**1.Major Observations**

NIL

**2.Other Observations**

1. The following mandatory financial statements prescribed in
accounting rules are not submitted for audit
a) Ratios
b) notes on accounts.
2. Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3. Bills not encashed has not been omitted from Web Saankhya ACR

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്